I ഇ.ബി. XV - കേരള നിയമസഭ/IX-5

പതിനഞ്ചാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2023 സെപ്റ്റംബർ 11, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

## I സത്യപ്രതിജ്ഞ അഥവാ സഗൗരവ പ്രതിജ്ഞ

ശ്രീ. ചാണ്ടി ഉമ്മന്റെ സത്യപ്രതിജ്ഞ

ഉപതെരഞ്ഞെടുപ്പിൽ പുതുപ്പള്ളി നിയോജകമണ്ഡലത്തിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട ശ്രീ. ചാണ്ടി ഉമ്മൻ ദൈവനാമത്തിൽ സത്യപ്രതിജ്ഞ ചെയ്ത് രജിസ്റ്ററിൽ ഒപ്പുവച്ച് അദ്ധ്യക്ഷ വേദിയെ അഭിവാദ്യം ചെയ്തശേഷം സ്വസ്ഥാനത്ത് ഉപവിഷ്ടനായി.

## II അറിയിപ്പ്

ഗ്രൂപ്പ് ഫോട്ടോ എടുക്കുന്നത് മാറ്റിവച്ചത് സംബന്ധിച്ച്

മി. സ്പീക്കർ: ഇന്ന് സഭയിൽ ചില അംഗങ്ങൾക്ക് ഹാജരാകാൻ കഴിയാത്ത സാഹചര്യത്തിൽ അംഗങ്ങളുടെ ഗ്രൂപ്പ് ഫോട്ടോ എടുക്കുന്നത് മറ്റൊരവസരത്തിലേയ്ക്ക് മാറ്റിവച്ചിരിക്കുന്നു. ഇന്നത്തെ സബ്മിഷനുകൾ തുടർ ദിവസങ്ങളിൽ അനുവദിക്കുന്നതാണ്.

## III അടിയന്തരപ്രമേയ നോട്ടീസ്

സോളാർ കേസിൽ മുൻമുഖ്യമന്ത്രി ഉമ്മൻചാണ്ടിക്കെതിരായ ഗൂഢാലോചന

മി. സ്പീക്കർ: സോളാർ കേസിൽ മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയെ കുടുക്കാൻ ഉന്നതതല ഗൂഢാലോചന നടന്നതായി പറയപ്പെടുന്ന സി.ബി.ഐ. അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകൾ സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ ഷാഫി പറമ്പിൽ, കെ. പി. എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സോളാർ കേസന്വേഷണം സി.ബി.ഐ.-യെ ഏൽപ്പിക്കാൻ സംസ്ഥാന സർക്കാർ

തീരുമാനിച്ചതിനെത്തുടർന്ന് സി.ജെ.എം. കോടതിയിൽ സി.ബി.ഐ. സമർപ്പിച്ച റിപ്പോർട്ട് ഔദ്യോഗികമായി സർക്കാരിന്റെ പക്കൽ ലഭ്യമല്ലാത്തതിനാൽ അതിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് പറയപ്പെടുന്ന പരാമർശങ്ങൾക്കുമേൽ അഭിപ്രായം പറയാൻ സാധിക്കില്ല. സർക്കാരിന് ഔദ്യോഗികമായി ലഭ്യമാകുന്ന രേഖകളുടെ അടിസ്ഥാനത്തിൽ ആവശ്യമായ പരിശോധന നടത്തിയും നിയമോപദേശം തേടിയുമാണ് നടപടികൾ സ്വീകരിക്കുന്നത്. ഈ വിഷയം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യാവുന്നതാണ്.

(അടിയന്തരപ്രമേയം ചർച്ചയ്ക്കെടുക്കാൻ തീരുമാനിച്ചു.)

## IV ശ്രദ്ധക്ഷണിക്കൽ

(1) മലബാർ ദേവസ്വം ബോർഡ് ഭരണം കാര്യക്ഷമമാക്കൽ

ശ്രീ. ടി. ഐ. മധുസൂദനൻ: 1951-ൽ നിലവിൽവന്ന ഹിന്ദു റിലീജിയസ് ആൻഡ് ചാരിറ്റബിൾ എൻഡോവ്മെന്റ്സ് ആക്ട് അനുസരിച്ച് പ്രവർത്തിക്കുന്ന മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ഭൂരിപക്ഷം ക്ഷേത്രങ്ങളിലും ദൈനംദിന നടത്തിപ്പിനും ജീവനക്കാർക്ക് വേതനം നൽകുന്നതിനും കഴിയാത്ത സ്ഥിതിയാണുള്ളത്. 2008-ൽ മലബാർ ദേവസ്വം ബോർഡ് രൂപീകരിച്ചുകൊണ്ടുള്ള നിയമം നടപ്പിലാക്കിയെങ്കിലും

ഇതിന്റെ ഗുണകരമായ നേട്ടങ്ങൾ ജീവനക്കാർക്കും ക്ഷേത്രഭരണത്തിലും ഉണ്ടായിട്ടില്ല. മറ്റ് ദേവസ്വം ബോർഡുകളിലേതുപോലെ മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങളിലെയും വരുമാനം സമാഹരിക്കാൻ കഴിഞ്ഞാൽ മാത്രമേ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുകയുള്ളൂ. ദേവസ്വം ഭരണം കാര്യക്ഷമമാക്കുന്നതിനും ജീവനക്കാർക്ക് കൃത്യമായി ശമ്പളം നൽകുന്നതിനുമായി സമഗ്ര ദേവസ്വം നിയമം കൊണ്ടുവരുന്നതിനും മലബാർ ദേവസ്വം ബോർഡ് ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിനും ആചാര്യസ്ഥാനികർക്കുള്ള ധനസഹായം വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): 2008-ൽ മദ്രാസ് ഹിന്ദു റിലീജിയസ് ആൻഡ് ചാരിറ്റബിൾ എൻഡോവ്മെന്റ്സ് ആക്ട് ഭേദഗതി ചെയ്താണ് മലബാർ ദേവസ്വം ബോർഡ് രൂപീകരിച്ചത്. മലബാർ ഭാഗത്തെ ഏകദേശം 1403 ക്ഷേത്രങ്ങളുടെ ഭരണച്ചുമതലയാണ് മലബാർ ദേവസ്വം ബോർഡ് ഏറ്റെടുത്തത്. തിരുവിതാംകൂർ, കൊച്ചി, ഗുരുവായൂർ, കൂടൽമാണിക്യം ദേവസ്വം ബോർഡുകളിൽ സ്വീകരിച്ചുവരുന്ന സംവിധാനം മലബാർ ദേവസ്വം ബോർഡിലും കൊണ്ടുവരുന്നതിനുള്ള ബിൽ വ്യത്യസ്ത

ഘട്ടങ്ങളിലെ ചർച്ചയ്ക്കുശേഷം നിയമ/ധനപരമായുള്ള വസ്തുതകൾ പരിശോധിച്ച് അഭിപ്രായം ലഭ്യമാക്കുന്നതിന് നിയമ/ധനകാര്യ വകുപ്പുകൾക്ക് നൽകിയിട്ടുണ്ട്. തിരുവിതാംകൂർ, കൊച്ചിൻ ദേവസ്വം ബോർഡുകളിൽ നിലനിൽക്കുന്ന രീതിയിൽ പുതിയ നിയമം നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. അടുത്ത നിയമസഭാ സമ്മേളനത്തിൽ മലബാർ ദേവസ്വം നിയമം കൊണ്ടുവരാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. മലബാർ ദേവസ്വം ബോർഡിന് വിവിധ ആവശ്യങ്ങൾക്കായി 249.63 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. ആചാര്യസ്ഥാനീകർക്കും കോലധാരികൾക്കുമുള്ള ധനസഹായം വർദ്ധിപ്പിക്കുന്നതിനും മലബാർ ദേവസ്വം ബോർഡിനു കീഴിലെ ക്ഷേത്ര ജീവനക്കാരുടെ ശമ്പള പരിഷ്കരണം അടിയന്തരമായി നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

(2) മാവൂർ ഗ്വാളിയാർ റയോൺസിന്റെ ഭൂമി ഏറ്റെടുക്കൽ

ശ്രീമതി കെ. കെ. രമ: മാവൂർ ഗ്വാളിയാർ റയോൺസിന് സർക്കാർ ഏറ്റെടുത്ത് നൽകിയ ഭൂമി കരാർ വ്യവസ്ഥ പ്രകാരം തിരികെ ഏറ്റെടുക്കുന്നതിന് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചെങ്കിലും കമ്പനി കോടതിയിൽനിന്നും സ്റ്റേ നേടിയിരിക്കുകയാണ്. ഇപ്പോൾ സാമൂഹ്യവിരുദ്ധരുടെ താവളമായി മാറിയിരിക്കുന്ന പ്രസ്തുത ഭൂമി

അടിയന്തരമായി ഏറ്റെടുക്കുന്നതിനും അവിടെ വ്യവസായം ആരംഭിക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കുന്നതിനുമായി ഉന്നത ഉദ്യോഗസ്ഥരും നിയമ വിദഗ്ധരുമടങ്ങുന്ന ഒരു ടീം രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): വ്യാവസായികാവശ്യങ്ങൾക്ക് ഉപയോഗിക്കാത്ത സാഹചര്യത്തിൽ മാവൂർ ഗ്വാളിയാർ റയോൺസിന്റെ ഭൂമി തിരിച്ചുപിടിക്കുന്നതിൽ നിലവിലുള്ള സ്റ്റേ ഒഴിവാക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതിനായി ഒരു ലെയ്സൺ ഓഫീസറെ പ്രത്യേകമായി ചുമതലപ്പെടുത്തിയിട്ടുള്ളതും സ്റ്റേറ്റ് അറ്റോർണി ജനറൽ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതി ആവശ്യപ്പെട്ട കൂടുതൽ വിവരങ്ങൾ 2022 ഒക്ടോബർ 10-ാം തീയതി ജില്ലാ കളക്ടർ സമർപ്പിച്ചിട്ടുണ്ട്. കേസ് വീണ്ടും കോടതിയുടെ മുമ്പാകെ കൊണ്ടുവന്ന് തീർപ്പാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്. ഭൂമി ഏറ്റെടുത്തുകഴിഞ്ഞാൽ മാത്രമേ വ്യവസായം ആരംഭിക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കാൻ സാധിക്കുകയുള്ളൂ. ഏറ്റെടുക്കുന്ന ഭൂമി വ്യാവസായികാവശ്യത്തിനുതന്നെ വിനിയോഗിച്ച് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനാണ് സർക്കാർ

ശ്രമിക്കുന്നത്.

## V റിപ്പോർട്ടുകളുടെ സമർപ്പണം

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു:

(1) സബ്ജക്റ്റ് കമ്മിറ്റി II-ന്റെ 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2023-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ, 2023-ലെ കേരള ഗവൺമെന്റ് ഭൂമി പതിച്ചുകൊടുക്കൽ (ഭേദഗതി) ബിൽ, 2023-ലെ കേരള കെട്ടിട നികുതി (ഭേദഗതി) ബിൽ എന്നിവ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ടുകളും.

(2) സബ്ജക്റ്റ് കമ്മിറ്റി VII-ന്റെ 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും

(3) 2023-ലെ ഇന്ത്യൻ പങ്കാളിത്ത (കേരള ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട്

(4) സബ്ജക്ട് കമ്മിറ്റി X-ന്റെ 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും

(5) 2023-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ഭേദഗതി ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്.

(6) സബ്ജക്ട് കമ്മിറ്റി XIII-ന്റെ 2022 ഏപ്രിൽ 1 മുതൽ 2023 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2022-23 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും

(7) 2023-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളേയും കമ്പനികളേയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്.

(8) പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ ഏഴും എട്ടും റിപ്പോർട്ടുകൾ.

## VI ധനകാര്യം

### 2023-24 സാമ്പത്തിക വർഷത്തെ ബജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും

2023-24 സാമ്പത്തിക വർഷത്തെ ബജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ അവതരിപ്പിക്കുകയും അവ പിന്താങ്ങപ്പെടുകയും ചെയ്തു.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. റവന്യൂ, നികുതി-നികുതിയേതര വരുമാനം ഉയർത്തിയും അനാവശ്യചെലവുകൾ നിയന്ത്രിച്ചും സമ്പദ്ഘടന മെച്ചപ്പെടുത്താൻ സംസ്ഥാന സർക്കാർ ശ്രമിക്കുമ്പോൾ അർഹതപ്പെട്ട വിഹിതം നിഷേധിച്ചുകൊണ്ട് സംസ്ഥാനത്തെ സാമ്പത്തികമായി തകർക്കാനാണ് കേന്ദ്ര സർക്കാർ ശ്രമിക്കുന്നത്. ജി.എസ്.ടി നഷ്ടപരിഹാരം നിർത്തലാക്കിയും റവന്യൂ കമ്മി ഗ്രാന്റ് വെട്ടിക്കുറച്ചും ഉച്ചക്കഞ്ഞി വിതരണത്തിന് കേന്ദ്ര വിഹിതമായി ലഭിക്കേണ്ട അരി വൈകിപ്പിച്ചും സംസ്ഥാന ഗവൺമെന്റിനെ ദ്രോഹിക്കുന്ന കേന്ദ്ര നിലപാട് പ്രതിഷേധാർഹമാണ്. സാമ്പത്തിക പ്രതിസന്ധിയുടെ ഘട്ടത്തിലും ഓണക്കാലത്ത് വിവിധ വിഭാഗം ജനങ്ങൾക്ക് സഹായധനം അനുവദിച്ച നടപടി അഭിനന്ദനാർഹമാണ്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനം അതിരൂക്ഷമായ സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. സ്കൂൾ വിദ്യാർത്ഥികൾക്കുള്ള ഉച്ചഭക്ഷണത്തിനും കാരുണ്യ സുരക്ഷാ പദ്ധതിക്കും ഫണ്ട് അനുവദിക്കാത്ത നടപടി ഖേദകരമാണ്. എ.ഐ. ക്യാമറ സ്ഥാപിച്ചതുമായി ബന്ധപ്പെട്ട അഴിമതി അന്വേഷിക്കാൻ സർക്കാർ തയ്യാറാകണം.

<u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനങ്ങളുടെ വരുമാനത്തിന്റെ മുഖ്യപങ്കും കവർന്നെടുക്കുകയും കടമെടുപ്പ് പരിധി വെട്ടിക്കുറയ്ക്കുകയും കേന്ദ്രാവിഷ്കൃത പദ്ധതികൾ അനുവദിക്കാതിരിക്കുകയും ചെയ്യുന്ന സ്ഥിതിയാണ് നിലനിൽക്കുന്നത്. കേന്ദ്ര സർക്കാരിന്റെ നിലപാടുകൾക്കെതിരെ പ്രതികരിക്കാൻ പ്രതിപക്ഷം തയ്യാറാകാത്തത് ദൗർഭാഗ്യകരമാണ്. ക്ഷേമ പെൻഷൻ മുടക്കം കൂടാതെ വിതരണം ചെയ്യാനും മുടങ്ങിക്കിടന്നിരുന്ന നാഷണൽ ഹൈവേ, ഇടമൺ കൊച്ചി പവർ ഹൈവേ പദ്ധതികൾ യാഥാർത്ഥ്യമാക്കാനും ഓണക്കാലത്ത് വിലക്കയറ്റം തടയാനും സർക്കാരിന് സാധിച്ചിട്ടുണ്ട്.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. നികുതി പിരിവിലെ കെടുകാര്യസ്ഥതയും ധൂർത്തും അനാവശ്യ ചെലവുകളും

സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി രൂക്ഷമാക്കിയിരിക്കുകയാണ്. വെള്ളക്കരം, വൈദ്യുതി ചാർജ്ജ്, വീടുവയ്ക്കുന്നതിനുള്ള പെർമിറ്റ് ഫീ എന്നിവ വർദ്ധിപ്പിക്കുകയും കെട്ടിട നികുതി ഇരട്ടിയാക്കുകയും വാഹനങ്ങളുടെ ഒറ്റത്തവണ നികുതി രണ്ട് ശതമാനമായി ഉയർത്തുകയും ഇന്ധന സെസ് ഏർപ്പെടുത്തുകയും ചെയ്തത് ജനദ്രോഹകരമാണ്. കാരുണ്യ, ആശ്വാസ കിരണം - താലോലം പദ്ധതികൾ, ഭിന്നശേഷിക്കാർക്ക് സാമ്പത്തിക സഹായം നൽകുന്ന പദ്ധതി, കുട്ടികൾക്കുള്ള കാൻസർ സുരക്ഷാ ഫണ്ട്, സമാശ്വാസം പദ്ധതി, എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള സഹായം എന്നിവ നിലച്ചുപോകാനുള്ള കാരണം വ്യക്തമാക്കണം. സ്കൂളുകളിൽ ഉച്ചഭക്ഷണത്തിനുള്ള തുക നൽകാത്തതുസംബന്ധിച്ച് കേന്ദ്ര സർക്കാരിനോട് ആരായണം. ട്രഷറിനിയന്ത്രണം ഏർപ്പെടുത്തിയതും ജീവനക്കാർക്ക് ക്ഷാമബത്ത നിരസിച്ചതും സഞ്ചിത കടം, വിലക്കയറ്റം എന്നിവ വർദ്ധിച്ചതും ഈ സർക്കാരിന്റെ ധൂർത്തിന്റെ ഫലമാണ്.

ശ്രീ. പി. നന്ദകുമാർ: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വിഹിതം വെട്ടിക്കുറച്ചും പൊതുകടമെടുക്കുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തിയും കേന്ദ്ര സർക്കാർ സാമ്പത്തിക ഉപരോധം സൃഷ്ടിക്കുമ്പോൾ തനത് വരുമാനം വർദ്ധിപ്പിക്കാനാണ് സംസ്ഥാന സർക്കാർ ശ്രമിക്കുന്നത്.

സാമ്പത്തിക പ്രതിസന്ധിക്കിടയിലും ക്ഷേമ പെൻഷനും ഓണക്കിറ്റും വിതരണം ചെയ്തിട്ടുണ്ട്. വിലക്കയറ്റം പിടിച്ചുനിർത്താൻ കൺസ്യൂമർഫെഡും സിവിൽ സപ്ലൈസും നടത്തിയ ഇടപെടൽ അഭിനന്ദനാർഹമാണ്. പൊതുവിതരണ ശൃംഖലയുടെ ഇടപെടൽ കാരണം രാജ്യത്തെ വിലക്കയറ്റം കുറഞ്ഞ സംസ്ഥാനമായി കേരളത്തിന് മാറാനായിട്ടുണ്ട്. കേന്ദ്ര വിഹിതം ലഭ്യമായില്ലെങ്കിലും ഉച്ചക്കഞ്ഞി വിതരണം നിർത്തലാക്കാൻ തയ്യാറല്ലെന്ന് അസന്ദിഗ്ദ്ധമായി പ്രഖ്യാപിച്ച സർക്കാരിന്റെ നടപടി ശ്ലാഘനീയമാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഈ സർക്കാരിന്റെ പ്രവർത്തനഫലമായി മികവിന്റെ കേന്ദ്രങ്ങളായി പ്രവർത്തിക്കുന്നത് അഭിമാനകരമാണ്.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേന്ദ്ര ഗവൺമെന്റിന്റെ തെറ്റായ ധനകാര്യ നയങ്ങൾക്കെതിരെ പ്രതിപക്ഷം പ്രതികരിക്കാത്തത് അപലപനീയമാണ്. 'ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ്' എന്ന സമ്പ്രദായം സ്വീകരിക്കുന്നതിലൂടെ വികേന്ദ്രീകരണ പ്രക്രിയയിൽനിന്ന് കേന്ദ്രീകൃത സ്വഭാവത്തിലേയ്ക്ക് വരുന്ന അപകടകരമായ അവസ്ഥയാണ് സംജാതമാകാൻ പോകുന്നത്. വായ്പാ പരിധി വെട്ടിക്കുറയ്ക്കുന്നതും ചെലവിന്റെ ഏറിയ പങ്കും സംസ്ഥാനങ്ങൾ വഹിക്കുന്നതും വരുമാനത്തിൽ ഭൂരിഭാഗവും കേന്ദ്ര സർക്കാരിന് ലഭിക്കുന്നതും

ഫെഡറൽ സംവിധാനം നിലനിൽക്കുന്ന രാജ്യത്ത് അംഗികരിക്കാൻ കഴിയുന്നതല്ല. സംസ്ഥാന ധനകാര്യ വകുപ്പ് പരിമിതികൾക്കകത്തുനിന്നുകൊണ്ട് ധനകാര്യ മാനേജ്മെന്റിൽ കൃത്യമായ ഇടപെടൽ നടത്തുന്നത് ശ്ലാഘനീയമാണ്.

ശ്രീ. മോൻസ് ജോസഫ്: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേന്ദ്ര ഗവൺമെന്റ് കർഷകർക്കുള്ള സബ്സിഡി വെട്ടിക്കുറയ്ക്കുന്നതിലും ഉച്ചഭക്ഷണ വിതരണത്തിനുള്ള സഹായവും നെൽക്കർഷകർക്കുള്ള ആനുകൂല്യവും നൽകാത്തതിലും ശക്തമായി പ്രതിഷേധിക്കുന്നു. നെൽക്കർഷകർക്കുള്ള കേന്ദ്ര ആനുകൂല്യം ലഭ്യമാക്കാനുള്ള നടപടി സർക്കാർ സ്വീകരിക്കണം.

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാന സർക്കാരിന്റെ വികസന പ്രവർത്തനങ്ങളെ ദുർബലപ്പെടുത്തുന്നതിനാണ് കേന്ദ്ര സർക്കാർ ശ്രമിക്കുന്നത്. കടമെടുപ്പ് പരിധി വെട്ടിക്കുറച്ചതും കിഫ്ബിയുടെയും കൺസോർഷ്യത്തിന്റെയും നിക്ഷേപത്തെ കടത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയതും സംസ്ഥാനത്തെ ബുദ്ധിമുട്ടിലാക്കിയിരിക്കുകയാണ്. മൊത്തം ചെലവിന്റെ ഭൂരിഭാഗവും സംസ്ഥാന സർക്കാർ വഹിക്കുന്നതിനെതിരെ ഒറ്റക്കെട്ടായി പ്രതിഷേധിക്കാൻ തയ്യാറാകണം. കേന്ദ്ര സർക്കാരിന്റെ തെറ്റായ

നയങ്ങൾക്കെതിരെ പ്രതികരിക്കാൻ പ്രതിപക്ഷം തയ്യാറാകാത്തത് ദൗർഭാഗ്യകരമാണ്.

ശ്രീ. എം. വിജിൻ: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഏഴ് വർഷംകൊണ്ട് 2.15 ലക്ഷം ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. നിയമനം നൽകാൻ സാധിച്ചതും നാല്പതിനായിരത്തോളം പുതിയ തസ്തികകൾ സൃഷ്ടിച്ചതും ഈ സർക്കാരിന്റെ ഭരണനേട്ടമാണ്. പൊതുമേഖലാ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തി 387 കോടി രൂപയുടെ ലാഭമുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തിയതുവഴി പൊതുവിദ്യാഭ്യാസ മേഖലയിലേയ്ക്ക് പത്ത് ലക്ഷത്തിലധികം കുട്ടികൾ അധികമായി കടന്നുവന്നത് അഭിമാനാർഹമാണ്. ഉച്ചഭക്ഷണ പദ്ധതി അട്ടിമറിക്കാൻ നടത്തുന്ന കേന്ദ്ര നീക്കം അപലപനീയമാണ്. കേന്ദ്രവിഹിതം ലഭ്യമാകുന്നില്ലെങ്കിലും സ്കൂളുകളിൽ ഉച്ചഭക്ഷണ വിതരണം മുടങ്ങാതെ നടത്താൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ക്ഷേമപെൻഷൻ കുടിശ്ശികയില്ലാതെ നൽകാനും തൊഴിലുറപ്പ് തൊഴിലാളികൾക്ക് ഈ വർഷം 1000 രൂപ ഓണസമ്മാനമായി നൽകാനും സാധിച്ചിട്ടുണ്ട്. നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ് നിയന്ത്രിക്കാൻ സാധിച്ചത് സർക്കാരിന്റെ നേട്ടമാണ്. 42 ലക്ഷം

കുടുംബങ്ങൾക്ക് പ്രതിവർഷം 5 ലക്ഷം രൂപ ലഭ്യമാകുന്ന ചികിത്സാ പദ്ധതിയും മെഡിസെപ്പും നടപ്പാക്കിയത് സർക്കാരിന്റെ ഗുണപരമായ നേട്ടമാണ്. കെ-ഫോൺ സംവിധാനത്തിലൂടെ ഇന്റർനെറ്റ് സൗകര്യം അവകാശമാക്കി മാറ്റിയതും സംസ്ഥാന പങ്കാളിത്തത്തോടെ ദേശീയപാതാ വികസനം ത്വരിതപ്പെടുത്തിയതും ലൈഫ് മിഷനിലൂടെ നാല് ലക്ഷം വീടുകൾ നൽകിയതും അഭിമാനകരമാണ്. തൊഴിൽ സാധ്യത ശക്തിപ്പെടുത്തി യുവതയുടെ തൊഴിൽ സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിന് സർക്കാർ ശക്തമായി ഇടപെടുന്നുണ്ട്. കേരളത്തിനർഹമായ വരുമാനത്തിലുണ്ടായ കുറവ് പരിഹരിക്കുന്നതിന് ഒറ്റക്കെട്ടായി നിൽക്കേണ്ടത് അനിവാര്യമാണ്.

ഡോ. മാത്യു കുഴൽനാടൻ: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. കേരളത്തിന്റെ അഭിമാനത്തെ ചോദ്യം ചെയ്യുന്ന തരത്തിലുള്ള പരാമർശങ്ങൾ ധാരാളം വന്നിട്ടും അതുസംബന്ധിച്ച് പ്രതികരണം നടത്താൻ ഉത്തരവാദപ്പെട്ടവർ തയ്യാറാകുന്നില്ലെന്ന് മാത്രമല്ല അഴിമതിക്കെതിരെ പ്രതികരിക്കാൻ ഭരണപക്ഷത്തെ പാർട്ടികൾക്ക് ഭയമാണ്. അഴിമതിക്ക് കാവൽ നിൽക്കുകയാണ് സർക്കാർ.

ശ്രീമതി ശാന്തകുമാരി കെ.: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു.

കേന്ദ്രഗവൺമെന്റ് ധന ഉത്തരവാദിത്വ നിയമത്തിന്റെ ഭാഗമായി ഒരു നിയന്ത്രണവുമില്ലാതെ കടം വാങ്ങുമ്പോഴും സംസ്ഥാനങ്ങൾക്കുള്ള അവകാശത്തിന്മേൽ കടിഞ്ഞാണിടുകയാണ്. സംസ്ഥാനങ്ങളുടെ കടബാധ്യത 25 ശതമാനമായി താഴ്ന്നപ്പോഴും കേന്ദ്രത്തിന്റെ കടബാധ്യത 50 ശതമാനത്തിനുമുകളിലായി മുന്നോട്ടുപോകുകയാണ്. കേന്ദ്രം കേരളത്തോട് കാണിക്കുന്ന അവഗണനയ്ക്കെതിരെ പ്രതികരിക്കാനോ സംസ്ഥാനത്തിന് അർഹതപ്പെട്ട വിഹിതം ചോദിച്ചുവാങ്ങാനോ എം.പി.-മാർക്ക് കഴിയുന്നില്ലെന്ന് മാത്രമല്ല വർഗ്ഗീയ കലാപങ്ങളുടെ പേരിൽ രാജ്യത്തെ പാവപ്പെട്ട സ്ത്രീകൾ നേരിടേണ്ടിവരുന്ന ഭയാനകമായ സാഹചര്യത്തിനെതിരായി പ്രതികരിക്കാൻപോലും അവർക്ക് സാധിക്കുന്നില്ല.

<u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ ഭരണരീതിയിൽ മാറ്റം വരുത്തി ജനസ്വീകാര്യത ആർജ്ജിച്ച് മുന്നോട്ടുപോകുന്ന ഗവൺമെന്റാണിത്. മാധ്യമങ്ങളെ കൂട്ടുപിടിച്ച് പത്രസമ്മേളനം നടത്തി ആരോപണങ്ങളുന്നയിച്ച് ജനങ്ങൾക്കിടയിൽ സംശയങ്ങളുളവാക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്.

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു.

സംസ്ഥാനത്തിന്റെ നികുതി-നികുതിയേതര വരുമാനം വർദ്ധിപ്പിച്ചതും റവന്യൂ ചെലവ് നിയന്ത്രിച്ചതും വാഗ്ദാനങ്ങൾ പ്രാവർത്തികമാക്കിയതും ഏറ്റവും മികച്ച ഭരണം കാഴ്ച വയ്ക്കുന്ന സംസ്ഥാനമായി കേരളം തെരഞ്ഞെടുക്കപ്പെട്ടതും അഭിനന്ദനാർഹമാണ്. പ്രതിസന്ധികൾക്കിടയിലും വികസന പദ്ധതികൾ നടപ്പാക്കാനും ജനക്ഷേമകരമായ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാനും സർക്കാരിന് സാധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയും ഭക്ഷ്യവിഹിതവും വെട്ടിക്കുറച്ചതുൾപ്പെടെ സമഗ്രപുരോഗതിക്ക് തടസ്സം നിൽക്കുന്ന കേന്ദ്ര ഗവൺമെന്റ് സമീപനം അപലപനീയമാണ്. കേരളത്തെ സാമ്പത്തികമായി വീർപ്പുമുട്ടിക്കുന്ന കേന്ദ്ര സർക്കാർ നയങ്ങൾക്കെതിരായ പോരാട്ടത്തിൽ പ്രതിപക്ഷ എം.പി.മാർ പാർലമെന്റിൽ സ്വീകരിച്ച നിലപാട് നിരാശാജനകമാണ്. കേരളത്തിന്റെ പൊതുവായ താൽപര്യങ്ങൾക്ക് വിഘാതം സൃഷ്ടിക്കുന്ന കേന്ദ്ര ഗവൺമെന്റ് നടപടികൾക്കെതിരെ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ശക്തമായ നിലപാട് സ്വീകരിക്കണം.

ശ്രീ. പി. കെ. ബഷീർ: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. കുടുംബശ്രീ ജനകീയ ഹോട്ടലിന് നൽകിവന്നിരുന്ന സബ്സിഡി തുടരുന്നതിനോ സ്കൂളുകളിൽ ഉച്ചഭക്ഷണം നൽകുന്നതിനോ ലൈഫ് മിഷൻ വഴി പുതുതായി തുക അനുവദിക്കുന്നതിനോ സാധിക്കുന്നില്ല. സർക്കാർ

ജീവനക്കാർക്കും പെൻഷൻകാർക്കും നൽകാനുള്ള കുടിശ്ശിക ഘട്ടംഘട്ടമായി നൽകുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. ഇ. കെ. വിജയൻ: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സാമൂഹിക നീതിയിലധിഷ്ഠിതവും സർവ്വതലസ്പർശിയും നാടിന്റെ ഭാവി മുന്നിൽകണ്ടുകൊണ്ടുമുള്ള വികസന പദ്ധതികൾ സാമൂഹ്യ-സാമ്പത്തിക-വൈജ്ഞാനിക മേഖലകളിൽ അഭൂതപൂർവ്വമായ മാറ്റം സൃഷ്ടിച്ചിട്ടുണ്ട്. ദേശീയപാതാ വികസനം, ഗെയിൽ പൈപ്പ്‌ലൈൻ പദ്ധതി, ഇടമൺ-കൊച്ചി പവർ ഹൈവേ, മലയോര ഹൈവേ, ജലപാത തുടങ്ങിയവ ആരംഭിക്കാനായതും സമ്പൂർണ്ണ ഇ-ഗവേണൻസ് പദ്ധതി നടപ്പാക്കിയതും അഴിമതിരഹിത സംസ്ഥാനമായി കേരളം മാറിയതും കെ-ഫോൺ, അതിദാരിദ്ര്യ നിർമ്മാർജ്ജനത്തിനുള്ള പദ്ധതികൾ എന്നിവ ആവിഷ്കരിച്ചതും ശ്ലാഘനീയമാണ്. രാജ്യത്തെ ആദ്യ ഡിജിറ്റൽ സർവ്വകലാശാല, ഗ്രാഫിക് സെന്റർ, വാട്ടർ മെട്രോ എന്നിവ കേരളത്തിലാണെന്നത് എടുത്തുപറയേണ്ടതാണ്. വ്യാവസായികരംഗത്ത് പുതിയ സംരംഭകരെ ആകർഷിക്കാൻ സാധിച്ചതും തൊഴിലില്ലായ്മ നിരക്ക് കുറയ്ക്കാൻ സാധിച്ചതും 100 ദിന കർമ്മപരിപാടികളുടെ ഭാഗമായി 12759 കോടി രൂപയുടെ പുതിയ പദ്ധതികൾ പ്രഖ്യാപിച്ചതും പ്രവാസികൾക്ക് റവന്യൂ-സർവ്വേ വകുപ്പുകളുമായി

ബന്ധപ്പെട്ട സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കിയതും ശ്രദ്ധേയമാണ്. 18-55 വയസ്സ് പ്രായമുള്ള തൊഴിലുറപ്പ് തൊഴിലാളികളെ ക്ഷേമനിധി ബോർഡിന്റെ കീഴിൽ കൊണ്ടുവരികയും തൊഴിലുറപ്പ് തൊഴിലാളികൾക്ക് 60 വയസ്സുമുതൽ പെൻഷൻ ലഭിക്കുന്ന പദ്ധതികളാവിഷ്കരിക്കുകയും ചെയ്തുവെന്ന് മാത്രമല്ല, തൊഴിലുറപ്പ് രംഗം അഴിമതിരഹിതമാക്കാൻ സോഷ്യൽ ഓഡിറ്റ് സംവിധാനം ഏർപ്പെടുത്തിയത് കേരളമാണെന്നതും എടുത്തുപറയേണ്ടതാണ്. ചേരി നിവാസികളില്ലാത്ത സംസ്ഥാനമാക്കി കേരളത്തെ മാറ്റാനുള്ള ശ്രമം ശ്ലാഘനീയമാണ്. രാജ്യത്ത് ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ ലഭിക്കുന്ന സംസ്ഥാനമാണ് കേരളം എന്നത് സുസ്ഥിര വികസനത്തിന്റെ ഉദാഹരണമാണ്. കേന്ദ്ര സർക്കാർ സാമൂഹ്യക്ഷേമ പെൻഷൻ, നെല്ല് സംഭരണത്തിലെ കുടിശ്ശിക എന്നിവ നൽകുന്നതിന് തുക അനുവദിക്കാത്തതും കേരളത്തിന്റെ കടമെടുപ്പ് പരിധി വെട്ടിക്കുറച്ചതും പ്രതിഷേധാർഹമാണ്. പട്ടയങ്ങൾ സമയബന്ധിതമായി നൽകുകയും അതിനായി പ്രത്യേക ഡാഷ് ബോർഡ് രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ഭൂമി തരംമാറ്റത്തിനുള്ള അപേക്ഷ ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറ്റിയതും ഡിജിറ്റൽ സർവ്വേയുമായി ബന്ധപ്പെട്ട നടപടികൾ ത്വരിതഗതിയിലാക്കിയതും അഭിനന്ദനാർഹമാണ്.

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഉപതെരഞ്ഞെടുപ്പുകളിലെ വിജയത്തെ മുൻനിർത്തി കേരള രാഷ്ട്രീയത്തെ വിലയിരുത്തുന്നത് ശരിയല്ല. നവകേരള സൃഷ്ടിക്കായുള്ള പ്രവർത്തനങ്ങളുടെ ഫലമായാണ് ഭരണത്തുടർച്ചയുണ്ടായത്. കേരളത്തിന്റെ അനന്തമായ സാധ്യതകൾ ഫലപ്രദമായി വിനിയോഗിക്കുന്നതിൽ ശ്രദ്ധപതിപ്പിച്ചുകൊണ്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്. നെൽകർഷകർക്ക് നൽകാനുള്ള കേന്ദ്രവിഹിതം വാങ്ങിയെടുക്കുന്നതിന് ഒറ്റക്കെട്ടായി നിൽക്കണമെന്ന മുഖ്യമന്ത്രിയുടെ അഭ്യർത്ഥനപോലും മാനിക്കാത്തവരാണ് കേരളത്തിലെ പ്രതിപക്ഷ പാർട്ടികൾ. സംസ്ഥാനത്തെ സാമ്പത്തികമായി കേന്ദ്രം എല്ലാനിലയിലും ഞെരുക്കാൻ ശ്രമിച്ചിട്ടും സമസ്ത മേഖലയിലും അഭൂതപൂർവ്വമായ വളർച്ചയാണ് കൈവരിക്കാൻ സാധിച്ചിട്ടുള്ളത്.

(ധനകാര്യം ചർച്ച തുടരും)

## VII അടിയന്തരപ്രമേയ ചർച്ച

<u>സോളാർ കേസിൽ മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിക്കെതിരായ ഗൂഢാലോചന</u>

<u>ശ്രീ. ഷാഫി പറമ്പിൽ</u>: അടിയന്തരപ്രമേയ ചർച്ചയ്ക്കായി സഭ ഇപ്പോൾ നിർത്തിവയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. എം. വിൻസന്റ്: പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. ഷാഫി പറമ്പിൽ: ആറ് പതിറ്റാണ്ടുകാലത്തെ പൊതുപ്രവർത്തന പാരമ്പര്യമുള്ള, 53 വർഷം നിയമസഭാ സാമാജികനായിരുന്ന കേരളത്തിന്റെ ക്ഷേമപ്രവർത്തനങ്ങൾക്കും ജനങ്ങൾക്കും വേണ്ടി ജീവിതം ഉഴിഞ്ഞുവച്ച ഉമ്മൻ ചാണ്ടിയെ സി.ബി.ഐ. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോടതി കുറ്റവിമുക്തനാക്കിയ സാഹചര്യത്തിൽ അദ്ദേഹത്തോട് മാപ്പ് പറഞ്ഞുകൊണ്ട് ബഹു. മുഖ്യമന്ത്രി മറുപടി പ്രസംഗം ആരംഭിക്കണം. ഉമ്മൻ ചാണ്ടിക്കെതിരെ ഉന്നയിച്ച മുഴുവൻ ആരോപണങ്ങളും വാസ്തവവിരുദ്ധമായിരുന്നുവെന്നാണ് സി.ബി.ഐ.-യുടെ അന്തിമ റിപ്പോർട്ടിൽ പറയുന്നത്. മുഖ്യമന്ത്രിയായിരുന്നപ്പോൾ അദ്ദേഹത്തിന്റെ വാഹനത്തിനുനേരെയുണ്ടായ കല്ലേറിൽ മുറിവേറ്റിട്ടും എന്റെ പേരിൽ കേരളത്തിലൊരു ഹർത്താൽ വേണ്ടെന്ന് ആർജ്ജവത്തോടെ പറഞ്ഞ ഭരണാധികാരിയാണ് കള്ളക്കഥകളുടെ പേരിൽ വേട്ടയാടപ്പെട്ടതെന്നുള്ളത് രാഷ്ട്രീയ കേരളത്തിന് അപമാനമാണ്. നിരപരാധിയാണെന്ന് അറിഞ്ഞിട്ടും അദ്ദേഹത്തെ ക്രൂരമായി വേട്ടയാടുകയാണുണ്ടായത്. നന്ദകുമാർ ഈ കേസിൽ ഇടപെട്ടതും കത്ത് കൈമാറിയതും സി.പി.ഐ.(എം) നേതാക്കളുടെ സമ്മർദ്ദത്തിന്റെ പേരിലാണെന്നാണ് സി.ബി.ഐ. റിപ്പോർട്ടിൽ പറയുന്നത്. ആരോപണം

നിലനിൽക്കുന്നതല്ലാത്തതിനാൽ സർക്കാർ കേരളത്തിലെ ജനങ്ങളുടെ മുന്നിൽ മാപ്പ് പറയുകയും ഇതിനുപിന്നിൽ പ്രവർത്തിച്ചവരെ പുറത്തുകൊണ്ടുവരികയും വേണം.

ഡോ. കെ. ടി. ജലീൽ: ഞങ്ങൾ നിങ്ങളുടെ രാഷ്ട്രീയ ശത്രുക്കളല്ല, രാഷ്ട്രീയ എതിരാളികളാണ്; നിങ്ങളുടെ രാഷ്ട്രീയ ശത്രുക്കളെല്ലാം നിങ്ങളുടെ പക്ഷത്താണ് ഇരിക്കുന്നത് എന്നാണ് ശ്രീ. ചാണ്ടി ഉമ്മനോട് എനിക്ക് പറയാനുള്ളത്. കേരള രാഷ്ട്രീയത്തെ പിടിച്ചുകുലുക്കിയ പല വിവാദങ്ങളുടെയും കാരണം കോൺഗ്രസ് ഗ്രൂപ്പ് വഴക്കാണ്. കോൺഗ്രസുകാരാണ് സോളാർ കേസിന്റെ ശില്പികൾ. വ്യക്തിഹത്യ നടത്തി ഒരാളെ രാഷ്ട്രീയത്തിൽനിന്നും നിഷ്കാസിതമാക്കുന്നതിനോട് ഇടതുപക്ഷം യോജിക്കുന്നില്ല. പരാതിക്കാരി എഴുതിയ കത്ത് പണം കൊടുത്തുവാങ്ങി പുറത്തുവിട്ടത് ഒരു ന്യൂസ് ചാനലാണ്. സോളാർ വിഷയവുമായി ബന്ധപ്പെട്ട് കേസ് കൊടുത്ത ശ്രീ. ശ്രീധരൻ നായർ കെ.പി.സി.സി. മെമ്പറായിരുന്നു. സോളാർ തട്ടിപ്പു കേസിൽ ആരോപണവിധേയരായ മുഖ്യമന്ത്രിയുടെ പി.എ., ഗൺമാൻ ഉൾപ്പെടെയുള്ളവരെ തൽസ്ഥാനങ്ങളിൽനിന്നും നീക്കിയതും ജുഡീഷ്യൽ കമ്മീഷനെ നിയമിച്ച് അതിന്റെ കാലാവധി നീട്ടിനൽകിയതും യു.ഡി.എഫ്. സർക്കാരാണ്.

ശ്രീ. സണ്ണി ജോസഫ്: തെളിവില്ലാത്തതിനാൽ ക്രൈംബ്രാഞ്ച് എഴുതിത്തള്ളിയ കേസാണ് വേങ്ങര നിയോജകമണ്ഡലത്തിലെ ഉപതെരഞ്ഞെടുപ്പ് സമയത്ത് രാഷ്ട്രീയ ദുഷ്ടലാക്കോടെ ഇടതുപക്ഷ ഗവൺമെന്റ് സി.ബി.ഐ.-ക്ക് കൈമാറിയത്. പരാതിക്കാരിക്കും മറ്റൊരാൾക്കുമെതിരെ പത്തനംതിട്ട കോടതിയിൽ ശ്രീധരൻ നായർ നൽകിയ സ്വകാര്യ പരാതിയിൽ ഉമ്മൻ ചാണ്ടി ഒരു സാക്ഷിപോലുമായിരുന്നില്ല. സിവിൽ കേസാണെന്ന് പറഞ്ഞ് തള്ളിയ സോളാർ തട്ടിപ്പ് കേസ് രജിസ്റ്റർ ചെയ്തതും പ്രതികളെ അറസ്റ്റ് ചെയ്ത് ശിക്ഷ നൽകിയതും ഉമ്മൻ ചാണ്ടി സർക്കാരാണ്. ഉമ്മൻ ചാണ്ടിയോട് സർക്കാർ മാപ്പ് പറയണം. ഗൂഢാലോചനയ്ക്ക് കൂട്ടുനിന്നവരെ സർക്കാർ നിയമത്തിനുമുന്നിൽ കൊണ്ടുവരണം.

ശ്രീ. പി. ബാലചന്ദ്രൻ: പ്രതിപക്ഷത്തുള്ള ചിലർ പരാതിക്കാരിയെ ഫോൺ വിളിച്ചതിന്റെ കാൾ ലിസ്റ്റ് പത്രമാധ്യമങ്ങളുടെ കയ്യിലുണ്ട്. സോളാർ തട്ടിപ്പുമായി ബന്ധപ്പെട്ട കേസുകൾ അന്വേഷിച്ചത് യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്തായിരുന്നു. കോൺഗ്രസിലെ പടലപിണക്കങ്ങളുടെയും ഗ്രൂപ്പ് പോരാട്ടങ്ങളുടെയും ഇരയാണ് ഉമ്മൻ ചാണ്ടി. അതിന്റെ ഭാഗമായാണ് ഇന്ന് ഈ വിഷയം അടിയന്തരപ്രമേയമായി

കൊണ്ടുവന്നത്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: ഉമ്മൻ ചാണ്ടിയോട് ചെയ്ത കൊടിയ അപരാധത്തിന് വലിയ കുറ്റബോധമുണ്ടെന്ന് ഭരണപക്ഷത്ത് നിന്നുള്ളവരുടെ സംസാരത്തിൽനിന്ന് മനസ്സിലാക്കാൻ സാധിക്കുന്നുണ്ട്. ഉമ്മൻ ചാണ്ടിക്കെതിരായ ആരോപണങ്ങൾ മുഴുവനും വ്യാജമാണെന്നും അത് സൃഷ്ടിച്ചവർ ഈ സഭയിലുണ്ടെന്നും സി.ബി.ഐ. കോടതിയിൽ കൊടുത്ത റിപ്പോർട്ടിൽ പറയുന്നുണ്ട്. ആ നീചപ്രവൃത്തി ചെയ്തവർക്കെതിരെ നിലപാട് സ്വീകരിക്കാൻ തയ്യാറാകണം.

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: ഗുരുതരമായ ആരോപണങ്ങളാണ് സോളാർ റിപ്പോർട്ടിലുള്ളതെന്ന് അഭിപ്രായപ്പെട്ടിട്ടുള്ളത് ഇന്നത്തെ പ്രതിപക്ഷ നേതാവാണ്. ഉമ്മൻ ചാണ്ടിയുമായുള്ള കൂടിക്കാഴ്ചയ്ക്ക് പരാതിക്കാരി സഹായിച്ചുവെന്ന് രഹസ്യമൊഴി കൊടുത്തത് കെ.പി.സി.സി. അംഗമായിരുന്ന മല്ലേലിൽ ശ്രീധരൻ നായരാണ്, ഇടതുപക്ഷമല്ല. ഉമ്മൻ ചാണ്ടിയെ വേട്ടയാടുന്നത് കോൺഗ്രസ്സ് അവസാനിപ്പിക്കണം. പ്രതിപക്ഷധർമ്മം നിർവ്വഹിക്കുക മാത്രമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഇക്കാര്യത്തിൽ ചെയ്തത്. ഉമ്മൻ ചാണ്ടിയുടെ ആത്മാവിനെ വേദനിപ്പിക്കുന്ന നിലപാടാണ് അടിയന്തരപ്രമേയം കൊണ്ടുവന്നതിലൂടെ

പ്രതിപക്ഷാംഗങ്ങളുടെ ഭാഗത്തുനിന്നുമുണ്ടായിട്ടുള്ളത്.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സോളാർ തട്ടിപ്പുമായി ബന്ധപ്പെട്ട കേസന്വേഷണം നടത്തിയതും ഉമ്മൻ ചാണ്ടിയുടെ പേഴ്സണൽ സ്റ്റാഫിലുണ്ടായിരുന്ന ടെന്നി ജോപ്പനെ അറസ്റ്റ് ചെയ്തതും അന്വേഷണ കമ്മീഷനെ നിയോഗിച്ചതും അന്നത്തെ സർക്കാരാണ്. സോളാറുമായി ബന്ധപ്പെട്ട സാമ്പത്തികാരോപണങ്ങൾ മാത്രമാണ് ഇടതുപക്ഷം ഉന്നയിച്ചിട്ടുള്ളത്. ശ്രീ. ചാണ്ടി ഉമ്മൻ സത്യപ്രതിജ്ഞ ചെയ്ത ദിവസം തന്നെ പഴയ അഴിമതി കഥകൾ ചർച്ചയാക്കണമെന്ന വ്യാമോഹം പ്രതിപക്ഷത്തിനുള്ളതുകൊണ്ടാണ് ടി വിഷയം അടിയന്തര പ്രമേയമായി അവതരിപ്പിച്ചിരിക്കുന്നത്.

ശ്രീമതി കെ. കെ. രമ: സോളാർ കേസിൽ മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിക്കെതിരെ ഗൂഢാലോചന നടന്നുവെന്ന സി.ബി.ഐ.-യുടെ കണ്ടെത്തൽ ഞെട്ടിക്കുന്നതാണ്. രാഷ്ട്രീയ നേട്ടത്തിനായി പരാതിക്കാരിക്ക് പണം നൽകി അവരെക്കൊണ്ട് ആരോപണം ഉന്നയിപ്പിച്ചത് നെറികെട്ട രാഷ്ട്രീയത്തിന്റെ ഭാഗമാണ്. കേരളത്തെ ലജ്ജിപ്പിക്കുന്ന ഈ കേസ്സിൽ സി.ബി.ഐ.-യെക്കൊണ്ട് തുടരന്വേഷണം നടത്തി പ്രതികളെ നിയമത്തിനുമുന്നിൽ കൊണ്ടുവരാൻ സർക്കാർ തയ്യാറാകണം.

വ്യക്തിഹത്യക്ക് മൗനാനുവാദം നൽകിയ മുഖ്യമന്ത്രിയടക്കമുള്ളവർ ഉമ്മൻ ചാണ്ടിയുടെ കുടുംബത്തോടും പൊതുസമൂഹത്തോടും മാപ്പ് പറയണം. പരാതിക്കാരിയായ സ്ത്രീയെക്കൂടി ഗൂഢാലോചനയുടെ ഭാഗമായുള്ള നിയമനടപടിക്ക് വിധേയമാക്കണം.

<u>ശ്രീ. തോമസ് കെ. തോമസ്</u>: ശ്രീ. ചാണ്ടി ഉമ്മൻ സത്യപ്രതിജ്ഞ ചെയ്ത ദിവസം തന്നെ സോളാർ വിഷയം അടിയന്തരപ്രമേയമായി കൊണ്ടുവന്നതിലൂടെ ഉമ്മൻ ചാണ്ടിയെ അവഹേളിക്കുന്ന നിലപാടാണ് പ്രതിപക്ഷം സ്വീകരിച്ചിരിക്കുന്നത്. ഉമ്മൻ ചാണ്ടിക്കെതിരായി നുണക്കഥകൾ പ്രചരിപ്പിച്ചതും പ്രതിപക്ഷമാണ്.

<u>ശ്രീ. എം. നൗഷാദ്</u>: ഗുരുതരമായ അഴിമതിയും തീവെട്ടിക്കൊള്ളയുമാണ് ഉമ്മൻ ചാണ്ടിയുടെ ഭരണകാലത്ത് നടക്കുന്നതെന്നുള്ള ആരോപണമുന്നയിച്ചത് ഇന്നത്തെ പ്രതിപക്ഷ നേതാവാണ്. സോളാർ വിഷയവുമായി ബന്ധപ്പെട്ട് ഒരു കെ.പി.സി.സി. അംഗം നൽകിയ പരാതിയിന്മേൽ കേസ്സെടുത്തതും ടെന്നി ജോപ്പനെ അറസ്റ്റ് ചെയ്തതും യു.ഡി.എഫ്. ഗവൺമെന്റാണ്. ഉമ്മൻ ചാണ്ടിയുടെ രാഷ്ട്രീയ നിലപാടിനോട് വിയോജിപ്പുണ്ടെങ്കിലും അദ്ദേഹത്തെയും കുടുംബത്തെയും വ്യക്തിപരമായി ആക്ഷേപിക്കാൻ ഇടതുപക്ഷം തയ്യാറായിട്ടില്ല.

ശ്രീ. കെ. വി. സുമേഷ്: കേരളത്തിന്റെ വൈദ്യുതി മേഖലയുമായി ബന്ധപ്പെട്ട് പതിനായിരം കോടി രൂപയുടെ തട്ടിപ്പ് നടത്തിയതിനെതിരെയാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി സമരം ചെയ്തത്. രാഷ്ട്രീയമര്യാദ ഏതുഘട്ടത്തിലും ഇടതുപക്ഷം ഉയർത്തിപ്പിടിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു നേതാവിനെതിരെയും നാളിതുവരെ വ്യക്തിപരമായ ആക്ഷേപം ഉന്നയിച്ചിട്ടില്ല. പ്രതിപക്ഷം ഇങ്ങനെയൊരു വിഷയം കൊണ്ടുവന്നത് ഉമ്മൻ ചാണ്ടിയെ അധിക്ഷേപിക്കാൻ വേണ്ടിയാണ്. കോൺഗ്രസിന്റെ തെറ്റായ നിലപാട് കേരളത്തിലെ ജനങ്ങൾ തിരിച്ചറിയും.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): ഉമ്മൻ ചാണ്ടിയെ ജിവിതകാലം മുഴുവൻ ക്രൂശിക്കാൻ ശ്രമിച്ചവർ അദ്ദേഹം നീതിമാനാണെന്നാണ് ഇപ്പോൾ പറയുന്നത്. 2016-ൽ എൽ.ഡി.എഫ്. അധികാരത്തിൽ വന്നയുടൻ സോളാർ കേസിലെ പരാതിക്കാരി ദല്ലാൾ മുഖേന മുഖ്യമന്ത്രിയെ കണ്ടിരുന്നു. 50 ലക്ഷം രൂപ കൊടുത്ത് ദല്ലാൾ പരാതിക്കാരിയിൽ നിന്ന് വാങ്ങിയ പരാതിയിന്മേൽ നിരവധി പോലീസുദ്യോഗസ്ഥർ അന്വേഷണം നടത്തിയിട്ടും ഉമ്മൻ ചാണ്ടിക്കെതിരെയോ ആരോപണ വിധേയരായവർക്കെതിരെയോ

യാതൊരു തെളിവും കൊണ്ടുവരാൻ സാധിക്കാത്ത സാഹചര്യത്തിൽ കേസ് സി.ബി.ഐ.-ക്ക് വിടാൻ തീരുമാനിച്ചു. തികച്ചും വ്യാജമായ പരാതിയാണ് നൽകിയിരിക്കുന്നത്. ഇടതുപക്ഷ സർക്കാരാണ് ഇങ്ങനെയൊരു കത്ത് സംഘടിപ്പിക്കാൻ പരാതിക്കാരിക്ക് പണം കൊടുത്തത്. പരാതിക്കാരിയെയും അതുമായി ബന്ധപ്പെട്ടവരെയും അന്നത്തെ സർക്കാർ അറസ്റ്റ് ചെയ്ത് ജയിലിലടച്ചു. പ്രസ്തുത വിഷയം സംബന്ധിച്ച് ശിവരാജൻ കമ്മീഷൻ റിപ്പോർട്ടിൽ ലൈംഗികാരോപണം ഉന്നയിച്ചതുകൂടി ഉൾപ്പെടുത്തിയതിനെതിരെ ഉമ്മൻ ചാണ്ടി ഹൈക്കോടതിയെ സമീപിച്ചതിനെത്തുടർന്ന് പ്രസ്തുത പരാതി റിപ്പോർട്ടിന്റെ ഭാഗമാക്കാൻ സാധിക്കില്ലെന്ന് ഹൈക്കോടതി ഉത്തരവിട്ടു. പണം കൈപ്പറ്റി തയ്യാറാക്കിയ വ്യാജ കത്തിന്മേൽ നടത്തിയ അന്വേഷണത്തിൽ ആരോപണങ്ങൾ അടിസ്ഥാനരഹിതമാണെന്ന് സി.ബി.ഐ. കണ്ടെത്തിയിരുന്നു. വ്യക്തമായ ക്രിമിനൽ ഗൂഢാലോചന തെളിയിക്കപ്പെട്ട കേസാണിത്. അതുസംബന്ധിച്ച് സി.ബി.ഐ.-യെക്കൊണ്ട് തന്നെ തുടരന്വേഷണം നടത്താൻ സർക്കാർ തയ്യാറാകണം.

## VIII വ്യക്തിപരമായ വിശദീകരണം

അടിയന്തരപ്രമേയ ചർച്ചയിലെ പരാമർശം സംബന്ധിച്ച്

ശ്രീ. കെ. ബി. ഗണേഷ് കുമാർ: ഉമ്മൻ ചാണ്ടിയുമായി രാഷ്ട്രീയമായ എതിർപ്പുകളുണ്ടായിരുന്നെങ്കിലും ഉമ്മൻ ചാണ്ടി സർക്കാരിൽനിന്ന് ഞാൻ രാജിവച്ചത് എന്റെ വ്യക്തിപരമായ കാര്യങ്ങളുമായി ബന്ധപ്പെട്ടാണ്. കപട സദാചാരം അഭിനയിച്ച് രാഷ്ട്രീയത്തിൽ നിൽക്കുന്ന വ്യക്തിയല്ല ഞാൻ. ഈ പരാതിക്കാരിയോ അവരുമായി ബന്ധപ്പെട്ടവരോ നേരിട്ടോ അല്ലാതെയോ എന്നെ ഇതുവരെ ബന്ധപ്പെട്ടിട്ടില്ല. എന്നെക്കുറിച്ച് പരാതി ഉന്നയിക്കുന്നവർ ഈ കേസുമായി ബന്ധപ്പെട്ട് സി.ബി.ഐ.-ക്ക് ഞാൻ നൽകിയ മൊഴികൂടി പരിശോധിക്കണം. പ്രതിസന്ധി ഘട്ടത്തിൽ എനിക്ക് അഭയം നൽകിയ എൽ.ഡി.എഫ്.-നെ ഞാൻ വഞ്ചിക്കില്ല. എന്റെ നാട്ടുകാരും ജനങ്ങളും എന്നോടൊപ്പമുണ്ട്. സത്യം മാത്രമേ ഞാൻ ചെയ്തിട്ടുള്ളൂ. ഇനിയും അതുമാത്രമെ ചെയ്യുകയുള്ളൂ. ഏതന്വേഷണം വന്നാലും സത്യം തെളിയിക്കപ്പെടും. ഉമ്മൻ ചാണ്ടിയുടെ കുടുംബം ഇന്ന് നന്ദിയോടെ ഓർക്കേണ്ടത് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനെയാണ്. പത്രത്തിൽ വരുന്ന വാർത്ത വച്ചുകൊണ്ട് അടിയന്തരപ്രമേയ ചർച്ചയിൽ എന്റെ പേര് വലിച്ചിഴച്ചതിന് മറുപടി നൽകാൻ അവസരം നൽകിയതിന് ബഹുമാനപ്പെട്ട ചെയറിനോട് ഞാൻ

നന്ദി പറയുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): വിചിത്രവും വസ്തുതാവിരുദ്ധവുമായ കാര്യങ്ങളാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അടക്കം ഇവിടെ അവതരിപ്പിക്കാൻ ശ്രമിച്ചത്. സി.ബി.ഐ.-ക്കുവിട്ട സംഭവുമായി ബന്ധപ്പെട്ട പരാതി 12-01-2021-ന് ലഭിച്ചതിനെത്തുടർന്ന് 15-01-2021-ന് നിയമോപദേശം തേടുകയും പരാതിയിന്മേൽ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. നാടിന്റെ വികസനത്തിനുവേണ്ടിയുള്ള പാരമ്പര്യേതര ഊർജ്ജ പദ്ധതി അഴിമതിയിലൂടെ കോടികൾ തട്ടിയെടുക്കുന്നതിനുള്ള അവസരമാക്കി മാറ്റിയെന്നാണ് യു.ഡി.എഫ്. സർക്കാർ നിയമിച്ച ജുഡീഷ്യൽ കമ്മീഷൻ കണ്ടെത്തിയിട്ടുള്ളത്. 33 കേസുകളാണ് പ്രത്യേക അന്വേഷണ സംഘം രജിസ്റ്റർ ചെയ്തത്. എ.ഡി.ജി.പി.-യുടെ നേതൃത്വത്തിലാണ് അന്നത്തെ സർക്കാർ പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ചത്. 2013 ഒക്ടോബർ 28-ാം തീയതി ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിച്ചെങ്കിലും റിപ്പോർട്ട് വരുന്നത് 2016 സെപ്റ്റംബർ 26-നാണ്. പരാതിക്കാരി പീഡനം ആരോപിച്ച് 2018 ഒക്ടോബർ 1-ന് സൗത്ത് സോൺ എ.ഡി.ജി.പി. മുമ്പാകെ നൽകിയ പരാതിയിന്മേൽ സംസ്ഥാന ക്രൈംബ്രാഞ്ച് കേസ് രജിസ്റ്റർ ചെയ്ത്

അന്വേഷണം ആരംഭിച്ച ഘട്ടത്തിലാണ് കേസ് സി.ബി.ഐ.-ക്ക് വിടണമെന്നാവശ്യപ്പെട്ട് പരാതിക്കാരി മുഖ്യമന്ത്രിക്ക് നിവേദനം നൽകിയത്. ഇതിന്മേൽ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷന്റെ നിയമോപദേശം തേടിയതിനുശേഷമാണ് അന്വേഷണ ചുമതല സി.ബി.ഐ.-യെ ഏല്പിക്കാൻ സർക്കാർ തീരുമാനമെടുത്തത്. പ്രസ്തുത കേസിൽ സി.ബി.ഐ. അന്വേഷണം പൂർത്തീകരിച്ച് ബഹുമാനപ്പെട്ട തിരുവനന്തപുരം സി.ജെ.എം. കോടതി മുമ്പാകെ 26-12-2022-ന് അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതായാണ് മാധ്യമങ്ങളിൽനിന്നും അറിയാൻ സാധിക്കുന്നത്. പ്രസ്തുത റിപ്പോർട്ട് സംസ്ഥാന സർക്കാരിന്റെ പക്കൽ ലഭ്യമല്ലാത്തതിനാൽ അതിൽ പറയുന്ന പരാമർശങ്ങളിന്മേൽ അഭിപ്രായം പറയാൻ ഇപ്പോൾ നിർവ്വാഹമില്ല. ഇതിലൊന്നും മറച്ചുവയ്ക്കാനില്ലാത്തതുകൊണ്ടാണ് ചട്ടപ്രകാരം നിലനിൽപ്പുണ്ടോ ഇല്ലയോ എന്നൊന്നും നോക്കാതെ ഈ പ്രമേയത്തിന്മേൽ ചർച്ചയ്ക്ക് തയ്യാറായത്. സർക്കാരിന്റെ ഖജനാവിൽനിന്ന് തുക നഷ്ടപ്പെട്ടിട്ടുണ്ടോയെന്ന് റിപ്പോർട്ട് കണ്ടാൽ മാത്രമേ അറിയാൻ സാധിക്കുകയുള്ളു. ഇതിനകത്ത് ഗൂഢാലോചന നടന്നിട്ടുണ്ടെന്നുള്ള ആരോപണത്തിന്മേൽ അങ്ങയുടെ കയ്യിൽ റിപ്പോർട്ടുണ്ടെങ്കിൽ അതിൽ പറയുന്ന ഭാഗങ്ങളുംകൂടി ഉൾപ്പെടുത്തി നിയമപരമായി സ്വീകരിക്കേണ്ട

നടപടികളെന്താണെന്ന് പരിശോധിക്കാം. 26-09-2017-ന് സർക്കാരിന് സമർപ്പിക്കപ്പെട്ട സോളാർ കമ്മീഷൻ റിപ്പോർട്ടിന്മേൽ നിയമോപദേശം തേടിയതിന്റെ അടിസ്ഥാനത്തിലാണ് 08-11-2017-ലെ മന്ത്രിസഭാ യോഗത്തിന്റെ അംഗീകാരത്തോടെ തുടർനടപടിക്കുള്ള ഉത്തരവ് പുറപ്പെടുവിച്ചത്. തികഞ്ഞ അവധാനതയോടും ജാഗ്രതയോടുംകൂടിയാണ് സർക്കാർ ഇക്കാര്യത്തിൽ മുന്നോട്ടുനീങ്ങിയത്. ജുഡീഷ്യൽ കമ്മീഷനെ നിയമിച്ചത് മുൻ യു.ഡി.എഫ്. സർക്കാർ ആയിരുന്നുവെങ്കിലും എല്ലാ നിയമവശങ്ങളും പരിശോധിച്ചുകൊണ്ട് ആ റിപ്പോർട്ടിന്മേലുള്ള തുടർനടപടികൾ സ്വീകരിച്ചത് പിന്നീട് അധികാരത്തിൽ വന്ന എൽ.ഡി.എഫ്. സർക്കാരാണ്. ജുഡീഷ്യൽ കമ്മീഷനുമുമ്പാകെ ഹാജരാക്കപ്പെട്ട തെളിവിന്റെ അടിസ്ഥാനത്തിൽ അഴിമതിയും നിയമവിരുദ്ധമായ പ്രതിഫലം പറ്റലും ആരോപിക്കപ്പെട്ട വ്യക്തികൾക്കെതിരായി അഴിമതി തടയൽ നിയമത്തിലെ വ്യവസ്ഥകൾ ബാധകമാണോ എന്ന കാര്യം സംസ്ഥാന സർക്കാർ ഗൗരവമായി പരിഗണിക്കണമെന്ന് കമ്മീഷൻ ശിപാർശ ചെയ്തു. കമ്മീഷന്റെ കണ്ടെത്തലുകളെത്തുടർന്നുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചത്. സോളാർ തട്ടിപ്പ് കേസുമായി ബന്ധപ്പെട്ട് കുറ്റം ചെയ്തവർ ശിക്ഷിക്കപ്പെടണം

എന്നുള്ള നിലപാടാണ് ഞങ്ങളുടേത്. നിയമനടപടികൾ സ്വീകരിക്കുന്നതിൽ യാതൊരു പക്ഷപാതവും കാണിക്കാതെ മുന്നോട്ടുപോകാൻ മടിയില്ലാത്ത സർക്കാരാണ് ഇപ്പോൾ അധികാരത്തിലുള്ളത്. ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ യു.ഡി.എഫ്-ഉം ഒരു വിഭാഗം മാധ്യമങ്ങളും ചേർന്ന് നടത്തുന്ന ഗൂഢനീക്കങ്ങൾ ജനങ്ങൾ തിരിച്ചറിയുന്നുണ്ട്. സി.ബി.ഐ. റിപ്പോർട്ടിന്റെ ഭാഗമായി ഉന്നയിക്കുന്ന കാര്യങ്ങൾ സംബന്ധിച്ച് നിയമപരമായ പരിശോധന നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

പ്രമേയം സഭ നിരാകരിച്ചു.

**ധനകാര്യം -തുടർച്ച**

ശ്രീ. റോജി എം. ജോൺ: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഞങ്ങൾ എ. ഐ. ക്യാമറകൾക്കോ സാധാരണക്കാരായ ജനങ്ങൾക്ക് ഇന്റർനെറ്റ് സേവനങ്ങൾ ലഭ്യമാക്കുന്നതിനോ എതിരല്ല. മാനദണ്ഡങ്ങളെല്ലാം കാറ്റിൽപ്പറത്തിക്കൊണ്ട് ഖജനാവിന് കോടികളുടെ നഷ്ടം വരുത്തുന്ന അഴിമതിയാണ് എ.ഐ. ക്യാമറയുമായി ബന്ധപ്പെട്ട് നടന്നിരിക്കുന്നത്. ഇതിനെതിരെ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തുന്നതോടൊപ്പം സമഗ്രമായ അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെടുകയും ചെയ്യുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): എ ഐ ക്യാമറയുമായി ബന്ധപ്പെട്ട് ഉന്നയിച്ചിട്ടുള്ള ആരോപണങ്ങൾ അടിസ്ഥാനരഹിതമാണ്. എ ഐ ക്യാമറ സ്ഥാപിച്ചതിനുശേഷം റോഡ് അപകടങ്ങളിലും അപകട മരണങ്ങളിലും ഗണ്യമായ കുറവുണ്ടായിട്ടുണ്ട്. ഈ പദ്ധതിയെക്കുറിച്ച് പഠിക്കുന്നതിനായി ഇതര സംസ്ഥാനങ്ങളിൽനിന്നുള്ളവർ കേരളത്തിലെത്തുന്നുണ്ട്. യു.ഡി.എഫ് ഭരണകാലത്താണ് എ ഐ ക്യാമറ സ്ഥാപിക്കുന്നത് സംബന്ധിച്ച പഠനം ആരംഭിച്ചത്. പൂർണ്ണമായും സുതാര്യമായ ടെണ്ടർ നടപടികളിലൂടെയാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്. പദ്ധതിക്കെതിരെ ഹൈക്കോടതിയിൽ പ്രതിപക്ഷം ഫയൽ ചെയ്തിട്ടുള്ള ഹർജിയിൽ ഗവൺമെന്റ് നിലപാട് വ്യക്തമാക്കിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കേന്ദ്രസർക്കാരിന്റെ പ്രതിരോധ മന്ത്രാലയത്തിന് കീഴിലുള്ള ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡ് (ബി.ഇ.എൽ.) അടങ്ങുന്ന കൺസോർഷ്യം മുഖേനയാണ് സംസ്ഥാനത്ത് കെ-ഫോൺ പദ്ധതി നടപ്പിലാക്കുന്നത്. പ്രാഥമിക സർവ്വേ നടപടികളും വിശദമായ പ്രോജക്ട് അവലോകനങ്ങളും നടത്തി ആവശ്യമായ അനുമതി ലഭ്യമാക്കിയതിനുശേഷമാണ് സംസ്ഥാനത്തെ 30,000-ലധികം വരുന്ന സർക്കാർ സ്ഥാപനങ്ങളിൽ ഇന്റർനെറ്റ് സേവനം ലഭ്യമാക്കുന്നതിനുള്ള

ഒപ്റ്റിക്കൽ ഫൈബർ നെറ്റ്‌വർക്ക് ഒരുക്കുന്നതിനുള്ള കരാർ ഒപ്പിട്ടത്. അടുത്ത ഘട്ടത്തിൽ പ്രത്യേക ടെണ്ടർ നടപടികളിലൂടെ പാവപ്പെട്ട 20 ലക്ഷം കുടുംബങ്ങൾക്ക് സൗജന്യ നിരക്കിൽ ഇന്റർനെറ്റ് കണക്ഷൻ നൽകണമെന്ന് വ്യവസ്ഥ ചെയ്തതിന്റെ അടിസ്ഥാനത്തിൽ 97 ശതമാനം നിർമ്മാണ പ്രവർത്തനങ്ങളും പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ പൂർത്തീകരണത്തിനുള്ള ചെലവും ഒരുവർഷത്തെ പരിപാലന ചെലവുമുൾപ്പെടെയുള്ള തുകയ്ക്കാണ് ഭരണാനുമതി നൽകിയതെങ്കിലും 7 വർഷത്തെ നടത്തിപ്പും പരിപാലനച്ചെലവുംകൂടി ഉൾപ്പെടുത്തി 1628.35 കോടി രൂപയ്ക്കാണ് കൺസോർഷ്യത്തിന് അനുമതി നൽകിയത്. പരിപാലന ചെലവിനുള്ള തുകയും കിഫ്ബി വായ്പയും കെ-ഫോണിന്റെ ബിസിനസ് പ്രവർത്തനങ്ങളിൽനിന്ന് ലഭിക്കുന്ന വരുമാനത്തിൽനിന്നും കണ്ടെത്തേണ്ടതുണ്ട്. സംസ്ഥാന സർക്കാരിന് പദ്ധതിയുമായി ബന്ധപ്പെട്ട് യാതൊരു സാമ്പത്തിക ബാധ്യതയും ഉണ്ടാകാത്ത സാഹചര്യത്തിൽ 500 കോടി രൂപയുടെ നഷ്ടമുണ്ടെന്ന ആക്ഷേപം അടിസ്ഥാനരഹിതമാണ്. നടപടിക്രമങ്ങളെല്ലാം പൂർണ്ണമായും പാലിച്ചുകൊണ്ടാണ് ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടുള്ളത്. 55 ശതമാനം ഘടകങ്ങൾ ഇൻഡ്യൻ നിർമ്മിതമായിരിക്കണമെന്ന വ്യവസ്ഥ പാലിച്ചാണ് ഒപ്റ്റിക്കൽ

ഗ്രൗണ്ട്‌വെയർ കേബിളുകൾ കരാറുകാർ നൽകിയിട്ടുള്ളതെന്ന് ടെക്നിക്കൽ കെ-ഫോൺ കമ്മിറ്റി ഉറപ്പുവരുത്തിയിട്ടുണ്ട്. സി.എം.ആർ.എൽ.-ന്റെ ആദായ നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് ഇന്ററിം സെറ്റിൽമെന്റ് ബോർഡ് പുറപ്പെടുവിച്ച ഉത്തരവിന്റെ ഔദ്യോഗിക പകർപ്പ് ലഭ്യമായിട്ടില്ല. ഈ സെറ്റിൽമെന്റിൽ എക്സാലോജിക് കമ്പനിയോ അതിന്റെ ഡയറക്ടറോ കക്ഷി ചേരുകയോ സെറ്റിൽമെന്റിന് വിധേയമാകുകയോ ചെയ്തിട്ടില്ല. സി.എം.ആർ.എൽ. കമ്പനിയുമായി എക്സാലോജിക് കമ്പനി നടത്തിയിട്ടുള്ള നിയമപരമായ കരാറിന്റെ ഭാഗമായാണ് അവർക്ക് പ്രതിഫലം ലഭിച്ചിട്ടുള്ളത്. സ്രോതസ്സിൽതന്നെ ആദായനികുതി കിഴിച്ചും ജി.എസ്.ടി. അടച്ചുമാണ് തുക നൽകിയിട്ടുള്ളതെന്ന് ആദായനികുതി റിട്ടേണിൽ വെളിപ്പെടുത്തിയിട്ടുണ്ട്. നികുതി നിർണ്ണയം നടത്തുന്ന ഉദ്യോഗസ്ഥർക്കുമുമ്പാകെയോ സെറ്റിൽമെന്റ് ബോർഡിനുമുമ്പാകെയോ വകുപ്പ് 132 (4)-ലെ സത്യപ്രസ്താവന ഉദ്ധരിച്ചുകൊണ്ടുമാത്രം ഒരു നിഗമനത്തിൽ എത്തിച്ചേരുന്നത് നിയമപരമായി ശരിയല്ലെന്ന് മാത്രമല്ല സത്യപ്രസ്താവനയിൽ പരാമർശമുള്ള വ്യക്തിയുടെ ഭാഗം കേൾക്കാനുള്ള പ്രാഥമിക ഉത്തരവാദിത്തം നിറവേറ്റപ്പെടുകയും ചെയ്തിട്ടില്ല. മറുഭാഗം കേൾക്കാതെ നടക്കുന്ന നിരീക്ഷണങ്ങൾക്ക് ജുഡീഷ്യൽ മൂല്യം കൽപ്പിക്കാനാകില്ല. സത്യപ്രസ്താവന പിൻവലിക്കൽ

നിലനിൽക്കില്ലെന്ന ആദായ നികുതി വകുപ്പിന്റെ വാദഗതി യാതൊരു വിശകലനവും കൂടാതെയാണ് സെറ്റിൽമെന്റ് ബോർഡിന്റെ ഉത്തരവിൽ സ്വീകരിച്ചിരിക്കുന്നത്. ഒരു സംരംഭകയ്ക്ക് ഒരു രാഷ്ട്രീയ നേതാവിന്റെ ബന്ധുത്വമുണ്ടെന്ന കാരണത്താൽ കരാറിൽ ഏർപ്പെടാനോ ബിസിനസ്സ് നടത്തുവാനോ പാടില്ലെന്ന ചട്ടം നിലവിലില്ല. കരാറിൽ ഏർപ്പെട്ട കമ്പനിക്ക് അധികാരത്തിലിരിക്കുന്ന ഏതെങ്കിലും പൊതുസേവകൻ വഴിവിട്ട സഹായം ചെയ്തതായോ നിയമപരമായി നിറവേറ്റേണ്ട ബാധ്യതയിൽ വീഴ്ചവരുത്തിയതായോ ആദായനികുതി വകുപ്പിന്റെ റിപ്പോർട്ടിലോ ഇന്ററിം സെറ്റിൽമെന്റ് ഓർഡറിലോ പറഞ്ഞിട്ടില്ല. കെ.എസ്.ഐ.ഡി.സി. സി.എം.ആർ.എൽ.-ൽ ഓഹരി നിക്ഷേപം നടത്തിയ കാലത്ത് ഇന്നത്തെ മന്ത്രിസഭയിലെ അംഗങ്ങളാരും സർക്കാർ സംവിധാനത്തിന്റെ ഭാഗമായിരുന്നില്ല. സി.എം.ആർ.എൽ.-ന്റെ നയപരമായ കാര്യങ്ങളിൽ കെ.എസ്.ഐ.ഡി.സി.-ക്ക് യാതൊരു പങ്കുമില്ല. ഒരു സംരംഭക നടത്തുന്ന കമ്പനി മറ്റൊരു കമ്പനിയുമായി കരാറിലേർപ്പെട്ട് നികുതി അടച്ച് റിട്ടേണിൽ വെളിപ്പെടുത്തി പ്രതിഫലം കൈപ്പറ്റുന്നത് മാസപ്പടി ആണെന്ന് പറയുന്നത് ന്യായീകരിക്കാനാകില്ല. സേവനം ലഭ്യമാക്കിയില്ലെന്ന് സി.എം.ആർ.എൽ. കമ്പനിക്ക് പരാതിയില്ലെന്ന് മാത്രമല്ല, പരിശോധനയുടെ ഭാഗമായി

ഇതിനെപ്പറ്റി അറിയില്ലെന്ന് പറഞ്ഞ പ്രസ്താവന പിന്നീട് തിരുത്തപ്പെടുകയും ചെയ്തിട്ടുണ്ട്. സേവനം ലഭ്യമാക്കിയ കമ്പനിയുടെ ഭാഗം കേൾക്കാതെയും പിൻവലിക്കപ്പെട്ട സത്യപ്രസ്താവനയുടെ പകർപ്പ് നൽകാതെയും ആരോപണമുന്നയിക്കുന്നത് വേട്ടയാടലിന്റെ ഭാഗമാണ്. രാഷ്ട്രീയ മുതലെടുപ്പ് നടത്താനും പൊതുരംഗത്തില്ലാത്ത ഒരു സംരംഭകയുടെ പേരിൽ തുടരെ നടത്തുന്ന അപവാദ പ്രചരണങ്ങളുടെ ആവർത്തനവുമാണ് ഇന്ന് നിയമസഭയിലുന്നയിച്ച ആരോപണം. ഇന്ററിം സെറ്റിൽമെന്റ് ബോർഡിന്റെ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ അഴിമതിനിരോധന നിയമപ്രകാരം കേസ്സെടുക്കണമെന്ന ഹർജി പ്രഥമദൃഷ്ട്യാ അടിസ്ഥാനമില്ലെന്ന നിരീക്ഷണത്തോടെ മൂവാറ്റുപുഴ വിജിലൻസ് കോടതി തള്ളിയതും പ്രസക്തമാണ്. യാതൊരു അടിസ്ഥാനവുമില്ലാത്ത ഈ പ്രചരണത്തെയും ആരോപണത്തെയും ശക്തമായി നിഷേധിക്കുകയാണ്. നികുതി റിട്ടേണിംഗിൽ കാണിച്ച തുക ബ്ലാക് മണിയായി മാറുന്നുവെന്ന് പറയുന്നത് ശരിയല്ല. കേന്ദ്ര ഗവൺമെന്റ് പ്രതിപക്ഷ നേതാക്കളെ കേസുകളിൽപ്പെടുത്തി വേട്ടയാടുന്നുവെന്ന ആരോപണത്തെ എല്ലാക്കാലത്തും പിന്തുണച്ചിട്ടുണ്ട്.

(ശ്രീ. മാത്യു കുഴൽനാടൻ ഉന്നയിച്ച ആരോപണങ്ങളിന്മേൽ അന്വേഷണം നടത്താൻ സർക്കാർ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച്

പ്രതിപക്ഷനേതാവ് പ്രസ്താവന നടത്തിയശേഷം പ്രതിപക്ഷാംഗങ്ങൾ സഭ ബഹിഷ്കരിച്ചു.)

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സപ്ലൈകോ/കൺസ്യൂമർഫെഡ്/ഹോർട്ടികോർപ്പ് എന്നിവിടങ്ങളിലൂടെ സാധനങ്ങൾ വിതരണം ചെയ്തതുമൂലം ഓണക്കാലത്ത് പൊതുവിപണിയിൽ വിലക്കയറ്റം പിടിച്ചുനിർത്താൻ സാധിച്ചതും സമസ്ത മേഖലകളിലും ഗുണകരമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാൻ കഴിഞ്ഞതും ഈ സർക്കാരിന്റെ പ്രവർത്തനമികവിനെയാണ് ചൂണ്ടിക്കാണിക്കുന്നത്. കേരളത്തിലെ സാമ്പത്തിക വളർച്ച ധനദൃഢീകരണത്തിന്റെ പാതയിലാണെന്നാണ് ആർ.ബി.ഐ.-യുടെ പഠന റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നത്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വിലക്കയറ്റവും പണപ്പെരുപ്പവും കുറയ്ക്കാൻ കഴിഞ്ഞതോടൊപ്പം വരുമാനം വർദ്ധിപ്പിക്കാനും സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. ഒന്നാം പിണറായി സർക്കാരിന്റെ കാലത്തും ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനുശേഷവും കെ.എസ്.ആർ.ടി.സി.-ക്ക് നൽകിയ ധനസഹായത്തിൽ വൻ വർദ്ധനവാണുണ്ടായിട്ടുള്ളത്. കെ.എസ്.ആർ.ടി.സി.യെ നിലനിർത്തുകയെന്നത് ഈ സർക്കാരിന്റെ ഉത്തരവാദിത്തമാണ്. യഥാസമയം ഫണ്ട് അനുവദിക്കാതെയും റവന്യൂ

വരുമാനത്തിൽ ഗണ്യമായ കുറവ് വരുത്തിയും സംസ്ഥാനത്തെ വീർപ്പുമുട്ടിക്കുന്ന നിലപാടാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ മുഴുവൻ തുകയും കണ്ടെത്തുന്നത് സംസ്ഥാന സർക്കാരാണ്. റേഷൻ വിതരണത്തിനും എൻ.എച്ച്.എം.-നും സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിനും മതിയായ ഫണ്ട് അനുവദിക്കാതെയും കേന്ദ്രാവിഷ്കൃത പദ്ധതി തുകയിൽ കുറവ് വരുത്തിയും ചില കേന്ദ്രപദ്ധതികൾ പിൻവലിച്ചും കേന്ദ്ര സർക്കാർ സംസ്ഥാനത്തെ കൂടുതൽ ബുദ്ധിമുട്ടിലാക്കുകയാണ്. ഈ വർഷം ലഭ്യമാക്കേണ്ട 4572 കോടി രൂപയിൽ 992 കോടി രൂപ മാത്രമാണ് കേന്ദ്രം അനുവദിച്ചിട്ടുള്ളത്. സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി കുറച്ച് സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധിയിലാക്കുന്ന കേന്ദ്ര നിലപാടിനെ നിയമപരമായി നേരിടാൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് സ്പെഷ്യൽ പാക്കേജോ വൺ പെർസെന്റേജ് അഡ്ഹോക്ക് ബോറോയിംഗോ അനുവദിക്കണമെന്ന് കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. സമസ്ത മേഖലകളിലുള്ളവർക്കും ആശ്വാസം നൽകാൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. ഉപധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും തെരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള ഉപധനാഭ്യർത്ഥനയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

## IX നിയമനിർമ്മാണകാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(i) 2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ബിൽ

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന

സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): ആരോഗ്യരക്ഷാ സേവന പ്രവർത്തകർക്ക് മനോധൈര്യത്തോടെയും കൂടുതൽ ആത്മവിശ്വാസത്തോടെയും പ്രവർത്തിക്കാനുള്ള സാഹചര്യമൊരുക്കാൻവേണ്ടിയാണ് 2010-ൽ ഓർഡിനൻസ് പുറപ്പെടുവിച്ച് 2012-ൽ നിയമസഭ പാസ്സാക്കിയ നിയമത്തിൽ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. ഡോ. വന്ദനാ ദാസിന്റെ ദാരുണമായ കൊലപാതകമുണ്ടായ സാഹചര്യത്തിലാണ് ഈ ഭേദഗതി സഭയിൽ കൊണ്ടുവന്നിട്ടുള്ളത്.

(വിയോജനക്കുറിപ്പ് നൽകിയ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ അവതരിപ്പിച്ചില്ല)

ശ്രീ. മാത്യു ടി. തോമസ്: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി

ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

നിരന്തരമായി ആരോഗ്യമേഖലയിൽ പ്രശ്നങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ആരോഗ്യപ്രവർത്തകരും രോഗികളും പരസ്പരം ധാരണയോടെ പ്രവർത്തിക്കാനുള്ള അവസരമുണ്ടാകണം.

(അംഗം സീറ്റിലില്ലാതിരുന്നതിനാൽ ഭേദഗതി ബി അവതരിപ്പിച്ചില്ല.)

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): ഈ ബില്ലിൽ കൊണ്ടുവന്നിരിക്കുന്ന ഇന്ത്യൻ ശിക്ഷാ നിയമത്തിലെ പല വാക്കുകളും മദർ ആക്ടിൽ നിർവ്വചിക്കപ്പെട്ടിട്ടില്ല. ഒരു വിഷയത്തിൽ ഒരു പൊതുവായ നിയമവും സ്പെസിഫിക്ക് നിയമവും ഉള്ള സാഹചര്യത്തിൽ സ്പെസിഫിക്ക് നിയമമാണ് നിലനിൽക്കുക.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>രണ്ടാം വകുപ്പ്</u>

166, 176, 178 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

161-ാം നമ്പർ ഭേദഗതിയും 162-ാം നമ്പർ ഭേദഗതി ഭേദഗതിയോടെയും ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

161. ഖണ്ഡം 2(ബി)(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(1)(ബി)(v)-ൽ "സെക്യൂരിറ്റി ഗാർഡുകൾ" എന്നതിന് പകരം "സുരക്ഷാ ജീവനക്കാർ" എന്ന് ചേർക്കുക.

162. ഖണ്ഡം 2(ബി)(ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 2(1)(ബി)(v)-ൽ "മാനേജീരിയൽ സ്റ്റാഫ്," എന്ന വാക്കുകൾക്കും ചിഹ്നത്തിനും ശേഷം "മിനിസ്റ്റീരിയൽ സ്റ്റാഫ്" എന്ന വാക്കുകളും ചിഹ്നവും ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മൂന്നാം വകുപ്പ്</u>

185, 188, 189, 190, 197, 202, 227, 245, 252 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

198. ഖണ്ഡം 3(എ) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(1)(i)-ൽ, "ആണെങ്കിൽ" എന്നതിന് ശേഷം "കുറ്റസ്ഥാപനത്തിന്മേൽ" എന്ന് ചേർക്കുക.

229. ഖണ്ഡം 3(എ) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(1)(ii)-ൽ, "വിധേയനാക്കുകയാണെങ്കിൽ" എന്നതിനുശേഷം "കുറ്റസ്ഥാപനത്തിന്മേൽ" എന്ന് ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു.

3(എ)(1)(i)-ലും, 3(എ)(1)(ii)-ലും 'തടവിനും പിഴയ്ക്കും ശിക്ഷിക്കപ്പെടാവുന്നതാണ്' എന്ന് ഭേദഗതി വരുത്താവുന്നതാണ്.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

188. ഖണ്ഡം 3(എ) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(1)(i) ൽ "(ഇ) ഇനത്തിൽ" എന്ന വാക്കിനും ചിഹ്നത്തിനും പകരം "(1)-ാം ഉപവകുപ്പിന്റെ (ഇ)

ഇനത്തിൽ" എന്ന അക്കവും ചിഹ്നങ്ങളും വാക്കുകളും ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും വാക്കാൽ ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാലാം വകുപ്പ്</u>

261, 262, 290, 296, 308 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>അഞ്ചാം വകുപ്പ്</u>

312, 313, 318 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി വാക്കാൽ അവതരിപ്പിച്ചു.

ബില്ലിലെ ഖണ്ഡം 5 പ്രകാരം, പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന 7-ാം വകുപ്പിന്റെ 2-ാം ഉപവകുപ്പിലെ,-

(1) (സി) ഇനത്തിൽ "അലാറം സിസ്റ്റംസ്" എന്ന വാക്കുകൾക്ക് പകരം

"അലാറം സംവിധാനങ്ങൾ" എന്ന വാക്കുകൾ ചേർക്കുക.

(2) (ഇ) ഇനത്തിൽ "ഡോക്ടർമാർ, ആരോഗ്യരക്ഷാ പ്രൊഫഷണലുകൾ, വിദ്യാർത്ഥികൾ മുതലായവർ" എന്നീ വാക്കുകൾക്ക് പകരം "ആരോഗ്യരക്ഷാ സ്ഥാപനവുമായി ബന്ധപ്പെട്ട് ആരോഗ്യരക്ഷാ സേവന പ്രവർത്തകർ" എന്നീ വാക്കുകൾ ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ആറാം വകുപ്പ്

(ഭേദഗതി അവതരിപ്പിച്ചില്ല.)

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതികൾ അവതരിപ്പിച്ചില്ല.)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): 2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2023-ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) ഭേദഗതി ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(ii) 2022-ലെ കേരള മോട്ടോർ വാഹനത്തൊഴിലാളികൾക്ക് ന്യായമായ വേതനം നൽകൽ (ഭേദഗതി) ബിൽ.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള മോട്ടോർ വാഹനത്തൊഴിലാളികൾക്ക് ന്യായമായ വേതനം നൽകൽ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും

പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): മോട്ടോർ വാഹനത്തൊഴിലാളികൾക്ക് ന്യായമായ വേതനം ഉറപ്പുവരുത്തുന്നതിനുവേണ്ടിയുള്ള ബില്ലാണിത്.

(വിയോജനക്കുറിപ്പ് നൽകിയ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ അവതരിപ്പിച്ചില്ല.)

ശ്രീ. കെ. യു. ജനീഷ് കുമാർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള മോട്ടോർ വാഹനത്തൊഴിലാളികൾക്ക് ന്യായമായ വേതനം നൽകൽ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. 1971-ലെ കേരള മോട്ടോർ വാഹനത്തൊഴിലാളികൾക്ക് ന്യായമായ വേതനം നൽകൽ ആക്ടുമായി ബന്ധപ്പെട്ടുള്ള ചെറിയ ഭേദഗതികളാണ് ഈ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. മോട്ടോർ തൊഴിലാളികൾക്ക് ന്യായമായ കൂലി ക്ലെയിം ചെയ്യുന്നതിനും അതിന് അപ്പീലും പരാതിയും നൽകാനുമുള്ള സംവിധാനമാണ് ഭേദഗതി ബില്ലിലൂടെ വ്യവസ്ഥ ചെയ്യുന്നത്. ചുമട്ടുതൊഴിലാളികളുടെ ജോലി ഭാരം കുറയ്ക്കുന്ന വിഷയത്തിൽ കാര്യക്ഷമമായ

ഇടപെടൽ നടത്താൻ വകുപ്പിന് സാധിച്ചിട്ടുണ്ട്. തോട്ടം തൊഴിലാളികളുടെ ലയങ്ങളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനാവശ്യമായ ഇടപെടൽ നടത്തിക്കൊണ്ടിരിക്കുകയാണ്. ഗാർഹിക തൊഴിലാളികളെ അസംഘടിത ക്ഷേമനിധി ബോർഡിൽ ഉൾപ്പെടുത്തിയതും തൊഴിലാളികളുടെ വിവിധ തരത്തിലുള്ള തർക്കങ്ങൾ പരിഹരിക്കാൻ വകുപ്പുമന്ത്രി സ്വീകരിച്ച നിലപാടും അഭിനന്ദനാർഹമാണ്.

<u>ശ്രീ. കെ. പി. മോഹനൻ</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള മോട്ടോർ വാഹനത്തൊഴിലാളികൾക്ക് ന്യായമായ വേതനം നൽകൽ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. 1971-ൽ നിലവിൽ വന്ന കേരള മോട്ടോർ വാഹനത്തൊഴിലാളികൾക്ക് ന്യായമായ വേതനം നൽകൽ ആക്ട് പ്രകാരം മോട്ടോർ വാഹനത്തൊഴിലാളികൾക്ക് മതിയായ വേതനം ലഭിക്കാത്തപക്ഷം ആയത് ക്ലെയിം ഫയൽ ചെയ്യുന്നതിനും തീർപ്പാക്കുന്നതിനുംവേണ്ടി അധികാരിയെ നിയമിക്കുന്നതിനും അധികാരിയുടെ തീരുമാനങ്ങളിന്മേൽ അപ്പീൽ അധികാരിയെ നിശ്ചയിക്കുന്നതിനും വ്യവസ്ഥയില്ലായിരുന്നു. ന്യായമായ കൂലി കൊടുക്കാതിരിക്കുന്നതിന് ശിക്ഷിച്ച് കഴിഞ്ഞാൽ പിഴ 500 രൂപയിൽ

നിന്നും വർദ്ധിപ്പിക്കുവാനും കോടതി മുമ്പാകെ പരാതി ബോധിപ്പിക്കുന്നതിനുള്ള അധികാരം ഇൻസ്പെക്ടർക്ക് നൽകുന്നതിനുമുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് കൊണ്ടുവന്ന ഈ ബിൽ സ്വാഗതാർഹമാണ്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖാന്തരം ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നത് കേരളത്തിൽ മാത്രമാണ്. ഇന്ന് ഏതൊരു കാലഘട്ടത്തെക്കാളും മികച്ച തൊഴിലന്തരീക്ഷം സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്. പ്ലാന്റേഷൻ മുതലാളിമാർ ലയങ്ങൾ നവീകരിക്കാൻ തയ്യാറാകാത്ത സ്ഥിതിയാണ് നിലവിലുള്ളത്. സംസ്ഥാന സർക്കാർ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പത്ത് കോടി രൂപ വിനിയോഗിച്ച് ലയങ്ങൾ നവീകരിക്കുന്നത് പരിഗണനയിലാണ്. ഗാർഹിക തൊഴിലാളികളെ സംരക്ഷിക്കുന്നതിനും Gig workers-നുമായി നിയമം കൊണ്ടുവരുന്നത് സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഏറ്റവും കൂടുതൽ മിനിമം വേതനം നൽകുന്ന സംസ്ഥാനവും കേരളമാണ്. ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള

മോട്ടോർ വാഹനത്തൊഴിലാളികൾക്ക് ന്യായമായ വേതനം നൽകൽ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

രണ്ടാം വകുപ്പ്

148, 149, 161, 168 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

161. In section 2(ac) proposed to be inserted in the principal Act by Clause 2(ii), for the figure " 4" the figure and symbol " 4(1)" shall be substituted.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

177, 186, 188, 191, 200, 208, 209, 210, 219, 221, 231 എന്നീ

നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

175. In section 3A(1) proposed to be inserted in the principal Act by Clause 3 after the words " State Government" the words " as authority" shall be inserted.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

191. In the second proviso to section 3A(2) of the principal Act, proposed to be inserted by Clause 3 for the words " if the applicant satisfies the authority that he" the words " if the authority is satisfied that the applicant " shall be substituted.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാലാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>അഞ്ചാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (<u>ശ്രീ. വി. ശിവൻകുട്ടി</u>): 2022-ലെ കേരള മോട്ടോർ വാഹനത്തൊഴിലാളികൾക്ക് ന്യായമായ വേതനം നൽകൽ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2022-ലെ കേരള മോട്ടോർ വാഹനത്തൊഴിലാളികൾക്ക് ന്യായമായ വേതനം നൽകൽ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(iii) 2023-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): പ്രമേയത്തെ പിന്താങ്ങുന്നു.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും ക്ഷീരകർഷകർക്ക്

സഹായകരമായ പുതിയ പദ്ധതികൾ കൊണ്ടുവരുന്നതിനും അവരുടെ ഉരുക്കൾക്കാവശ്യമായ തീറ്റ, ഔഷധങ്ങൾ, ക്ഷീരവൃത്തിയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ വിതരണം ചെയ്യാനുള്ള പദ്ധതികൾ നടപ്പാക്കുന്നതിനുമായാണ് നിലവിലുള്ള നിയമത്തിൽ ഭേദഗതി കൊണ്ടുവരുന്നത്. പരമ്പരാഗത ക്ഷീരസംഘങ്ങളുടെ പ്രസിഡന്റുമാർ, ആനന്ദ് മാതൃക ക്ഷീരസംഘ പ്രസിഡന്റുമാർ, ക്ഷീരവികസന-നിയമ-ധനകാര്യ വകുപ്പിലെ പ്രതിനിധികൾ, കർഷക പ്രതിനിധി എന്നിവരെ ബോർഡിൽ ഉൾപ്പെടുത്താനുള്ള വ്യവസ്ഥകൾ ഭേദഗതി വഴി കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത്. ഈ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(വിയോജനക്കുറിപ്പ് നൽകിയ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ അവതരിപ്പിച്ചില്ല.)

(അംഗം സീറ്റിലില്ലാതിരുന്നതിനാൽ ഭേദഗതി എ അവതരിപ്പിച്ചില്ല.)

<u>ശ്രീമതി യു. പ്രതിഭ</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2023-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ക്ഷീരകർഷകരുടെ പ്രതിനിധിയെ ക്ഷേമനിധി

ബോർഡിലെ അംഗമാക്കാനുള്ള നടപടി അഭിനന്ദനാർഹമാണ്. കേരളത്തിൽ ഏകദേശം 8 ലക്ഷത്തോളം കുടുംബങ്ങൾ പശു വളർത്തലിൽ ഏർപ്പെടുകയും 3.97 ലക്ഷം അംഗങ്ങൾ ക്ഷീരസംഘങ്ങളിൽ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാനും കൂടുതൽപേരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കാനും കഴിയുന്ന പ്രവർത്തനങ്ങൾ നടത്താൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. തീറ്റപ്പുൽകൃഷി വ്യാപിപ്പിക്കാനുള്ള വകുപ്പിന്റെ പ്രവർത്തനം, കാലിത്തീറ്റ ധനസഹായ പദ്ധതി, ക്ഷീര സഹകരണ സംഘങ്ങളുടെ ശാക്തീകരണം, മിൽക്ക് ഷെഡ് വികസനം, എലിവേറ്റഡ് ക്യാറ്റിൽ ഷെഡ്, ക്ഷീര ഗ്രാമം എന്നീ പദ്ധതികൾ നടപ്പിലാക്കാൻ സാധിച്ചത് സ്വാഗതാർഹമാണ്. പാലിന്റെ ഗുണനിലവാരം പരിശോധിക്കാൻ ലാബുകളെ സജ്ജമാക്കേണ്ടതുണ്ട്.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): ക്ഷീരകർഷക ക്ഷേമനിധി ബോർഡിൽ കൂടുതൽ കർഷക പ്രതിനിധികളെ ഉൾപ്പെടുത്താനും കർഷകരുടെ സാമൂഹ്യ-സാമ്പത്തിക ഉന്നമനം ഉറപ്പാക്കാനും പാലുല്പാദനരംഗത്ത് സ്വയംപര്യാപ്തത കൈവരിക്കാനും കൂടുതൽ യുവജനങ്ങളെ ഈ മേഖലയിലേയ്ക്ക്

ആകർഷിക്കാനുമുള്ള ലക്ഷ്യത്തോടെയാണ് ഈ ഭേദഗതി ബിൽ കൊണ്ടുവന്നിരിക്കുന്നത്. ക്ഷേമനിധി അംഗങ്ങൾക്ക് പെൻഷനും അംഗം മരണപ്പെടുന്ന സാഹചര്യത്തിൽ നോമിനികൾക്ക് കുടുംബ പെൻഷനും അംഗങ്ങളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായവും കുട്ടികൾക്ക് വിദ്യാഭ്യാസ ധനസഹായവും നൽകാൻ സാധിച്ചിട്ടുണ്ട്. ക്ഷീരകർഷക ക്ഷേമനിധി ബോർഡിന് കൂടുതൽ പ്രവർത്തനങ്ങൾ നടത്താൻ സഹായകരമായ വിധത്തിൽ നിയമത്തിൽ ഭേദഗതി വരുത്തുന്നതിനായി ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2023-ലെ കേരള ക്ഷീര കർഷക ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

പുതിയ രണ്ടാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

363. നിലവിലുള്ള ഖണ്ഡം 2-ന് മുമ്പായി താഴെപ്പറയുന്നത് ഖണ്ഡം 2 ആയി ചേർക്കുകയും ശേഷിക്കുന്ന ഖണ്ഡങ്ങൾ പുനരക്കം ചെയ്യുകയും ചെയ്യുക.

" 2. <u>ദീർഘശീർഷകത്തിന്റെ ഭേദഗതി</u> - 2007-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി ആക്ടിന്റെ (2007-ലെ 7-ാം ആക്റ്റ്) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) ദീർഘശിർഷകത്തിന് പകരം താഴെപ്പറയുന്ന ദീർഘശീർഷകം ചേർക്കേണ്ടതാണ്, അതായത്:-

" കേരള സംസ്ഥാനത്ത് കന്നുകാലി വളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന ക്ഷീരകർഷകർക്ക് ആശ്വാസം പകരുന്നതിനും അവരുടെ ക്ഷേമം ഉറപ്പാക്കുന്നതിനും അവർക്ക് പെൻഷൻ നൽകുന്നതിനും അവർക്കും കുടുംബത്തിനും ഇൻഷ്വറൻസ് പദ്ധതികൾ നടപ്പിലാക്കുന്നതിനും, അവരുടെ ഉരുക്കൾക്കുള്ള തീറ്റ, ഔഷധം എന്നിവയുടെ വിതരണത്തിനുവേണ്ടിയുള്ള പദ്ധതികൾ ഉൾപ്പെടെയുള്ള മറ്റ് ധനസഹായങ്ങൾ നടപ്പിലാക്കുന്നതിനും വേണ്ടി ഒരു നിധി രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ മറ്റ് കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള ഒരു ആക്റ്റ്." "

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

പുതിയ രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പുതിയ രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>രണ്ടാം വകുപ്പ് (പുനരക്കം ചെയ്ത  മൂന്നാം വകുപ്പ് )</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക  ഭേദഗതി  അവതരിപ്പിച്ചു.

364. പുനരക്കം ചെയ്ത 3-ാം  ഖണ്ഡത്തിൽ "2007-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി ആക്റ്റിന്റെ (2007-ലെ 7-ാം  ആക്റ്റ്) (ഇതിനുശേഷം പ്രധാന ആക്റ്റ്  എന്നാണ്  പരാമർശിക്കപ്പെടുക)" എന്നീ  അക്കങ്ങൾക്കും വാക്കുകൾക്കും  പകരം  " പ്രധാന  ആക്റ്റിന്റെ  "  എന്നീ  വാക്കുകൾ ചേർക്കേണ്ടതാണ്.

139, 165, 168, 172, 186 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച  ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള പുനരക്കം ചെയ്ത  മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പുനരക്കം ചെയ്ത  മൂന്നാം വകുപ്പ്  ബില്ലിന്റെ ഭാഗമായി.

<u>മൂന്നാം വകുപ്പ് (പുനരക്കം ചെയ്ത നാലാം വകുപ്പ്)</u>

195, 197, 199, 200, 205, 207, 208, 213 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

199. പ്രധാന ആക്റ്റിലെ വകുപ്പ് 2(ഡി)-ൽ " 500" എന്നതിന് പകരം "അഞ്ഞൂറ്" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള പുനരക്കം ചെയ്ത നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള പുനരക്കം ചെയ്ത നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാലാം വകുപ്പ് (പുനരക്കം ചെയ്ത അഞ്ചാം വകുപ്പ്)</u>

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു.

219. ഖണ്ഡം 4(i) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3(2)(iv)-ൽ "സ്വകാര്യ/സഹകരണ ഡയറി ഉടമകൾ" എന്നീ വാക്കുകൾക്കും ചിഹ്നത്തിനും പകരം "സ്വകാര്യ ഡയറി ഉടമകളും സഹകരണ ഡയറി സ്ഥാപനങ്ങളും" എന്നീ വാക്കുകൾ ചേർക്കുക.

218, 220, 222, 225 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള പുനരക്കം ചെയ്ത അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള പുനരക്കം ചെയ്ത അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>അഞ്ചാം വകുപ്പ് (പുനരക്കം ചെയ്ത ആറാം വകുപ്പ്)</u>

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ ഔദ്യോഗിക ഭേദഗതികളായി അവതരിപ്പിച്ചു.

365. പുനരക്കം ചെയ്ത ഖണ്ഡം 6 (i) പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(2)-ൽ "ക്ഷേമനിധിയിലേക്ക്" എന്നതിന് പകരം "ബോർഡിലേക്ക്" എന്ന് ചേർക്കുക.

272. ഖണ്ഡം 5 (ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(4)-ൽ "ഏഴ്" എന്നതിനു പകരം "പതിനാല്" എന്ന് ചേർക്കുക.

258, 260, 261, 262, 270, 271, 281 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതികൾ സ്വീകരിച്ചു.

270. ഖണ്ഡം 5 (ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(4)-ൽ "തള്ളിക്കളയുന്ന" എന്നതിന് പകരം "തള്ളിക്കളയുവാൻ തീരുമാനമെടുക്കുന്ന" എന്ന് ചേർക്കുക.

271. ഖണ്ഡം 5 (ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(4)-ൽ "തള്ളിക്കളയാൻ" എന്നതിനുശേഷം "ബോർഡ്" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും സ്വീകരിച്ച ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള പുനരക്കം ചെയ്ത ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള പുനരക്കം ചെയ്ത ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ആറാം വകുപ്പ് (പുനരക്കം ചെയ്ത ഏഴാം വകുപ്പ്)</u>

286, 302 എന്നീ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

286. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ പകരം

ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 6-ൽ "ഓരോ സംഘവും"

എന്നതിനു ശേഷമുള്ള ","ചിഹ്നം ഒഴിവാക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള പുനരക്കം ചെയ്ത ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള പുനരക്കം ചെയ്ത ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഏഴാം വകുപ്പ് (പുനരക്കം ചെയ്ത എട്ടാം വകുപ്പ്)

305, 311, 328, 330, 338, 339 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

338. ഖണ്ഡം 7 പ്രകാരം പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്റ്റിലെ വകുപ്പ് 8(3)(ജെ)-ൽ "കർഷക" എന്നതിന് പകരം "ക്ഷീരകർഷക" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള പുനരക്കം ചെയ്ത എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള പുനരക്കം ചെയ്ത എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## എട്ടാം വകുപ്പ് (പുനരക്കം ചെയ്ത ഒമ്പതാം വകുപ്പ്)

340, 343, 345, 350 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

പുനരക്കം ചെയ്ത ഒമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പുനരക്കം ചെയ്ത ഒമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ഒമ്പതാം വകുപ്പ് (പുനരക്കം ചെയ്ത പത്താം വകുപ്പ്)

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

പുനരക്കം ചെയ്ത പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പുനരക്കം ചെയ്ത പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): 2023-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): പ്രമേയത്തെ പിന്താങ്ങുന്നു.

2023-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

സഭ വൈകുന്നേരം 6.04-ന് പിരിഞ്ഞു.

******